പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2019-2021)

# മുപ്പത്തിനാലാമത് റിപ്പോർട്ട്

[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019) യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ
(തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്)
ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]

318/2021.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | : | v |
| മുഖവുര | | | : | vii |
| അദ്ധ്യായം I | | റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II | | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |
| അദ്ധ്യായം III | I | മറുപടി ലഭിക്കാനുള്ള ശിപാർശകൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവ സംബന്ധിച്ച വിശദാംശം | : | 54 |
| | II | വിവിധ വകുപ്പുകളിൽ നിന്നും സമിതിയ്ക്ക് ലഭ്യമായ റിപ്പോർട്ടുകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ | : | 56 |
| അനുബന്ധം | | | : | 63 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എസ്. ശർമ്മ.

<u>അംഗങ്ങൾ:</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

# മുഖവുര

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019)യുടെ പതിനൊന്നാമത് റിപ്പോർട്ട് (തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 2018 മാർച്ച് മാസം 7-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 54 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളും ആയതിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും അവയ്ക്കുള്ള മറുപടികളും, ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെയും സംബന്ധിച്ച വിശദാംശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 20-ാം തീയതി ചേർന്ന കമ്മിറ്റിയാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

എസ്. ശർമ്മ,

*അദ്ധ്യക്ഷൻ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.

# റിപ്പോർട്ട്

## അദ്ധ്യായം - I

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2016-2019) യുടെ പതിനൊന്നാമത് റിപ്പോർട്ട് (തൊഴിലും നൈപുണ്യവും വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച്) 2018 മാർച്ച് മാസം 7-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 54 ശിപാർശകളാണ് ഉണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 30-5-2018-ൽ സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 10-10-2018, 26-12-2018, 18-9-2019, 9-10-2019, 14-10-2020, 20-1-2021 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2016-2019) യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ II-ാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം III-ലെ ശിപാർശകൾ/അധിക വിവരങ്ങളിന്മേൽ അനന്തര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം - II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ I ഖണ്ഡിക 10

അസിസ്റ്റന്റ് ലേബർ ഓഫീസുകൾ :

തൊഴിൽ വകുപ്പിന്റെ ഏറ്റവും പ്രാഥമിക തലത്തിലുള്ള ഓഫീസുകളാണ് അസിസ്റ്റന്റ് ലേബർ ഓഫീസുകൾ. ഓരോ അസിസ്റ്റന്റ് ലേബർ ഓഫീസറും തൊഴിൽ നിയമങ്ങളുടെയും അനുബന്ധ ക്ഷേമപദ്ധതികളുടെയും പ്രാഥമികതല ഇൻസ്പെക്ടർമാരാണ്. തൊഴിൽ മേഖലയെ സംബന്ധിച്ച് സർക്കാരിൽ നിന്നും മേലുദ്യോഗസ്ഥരിൽ നിന്നും മറ്റും ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരമുള്ള അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുക, കേരള ചുമട്ട് തൊഴിലാളി നിയമപ്രകാരമുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുക, ചുമട്ട് തൊഴിലാളികളും തൊഴിലുടമകളും തമ്മിലും ചുമട്ട് തൊഴിലാളികൾ അന്യോന്യവും ഉണ്ടാകുന്ന പ്രശ്നങ്ങൾ തീർപ്പാക്കുക, തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ സ്ഥലം സന്ദർശിച്ച്

പ്രശ്നപരിഹാരത്തിനുവേണ്ട നടപടികൾ സ്വീകരിയ്ക്കുക, ചുമട്ട് തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ അന്വേഷണം നടത്തി ഐഡന്റിറ്റി കാർഡ് നൽകുക, പി. എസ്. സി.- യ്ക്ക് സമർപ്പിക്കേണ്ട തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളിൽ മേലൊപ്പ് പതിച്ചുനൽകുക, വർക്ക്മെൻ കോമ്പൻസേഷൻ നിയമപ്രകാരവും തൊഴിൽ തർക്ക നിയമപ്രകാരവും ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുക എന്നിവ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ ചുമതലകളിൽപ്പെടുന്നു. ചുമട്ട് തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് വിതരണം ചെയ്യുന്നതിൽ പെന്റിംഗ് ഉള്ളതായി സമിതി മനസ്സിലാക്കുന്നു <u>ചുമട്ട് തൊഴിലാളികളുടെ രജിസ്ട്രേഷൻ ആധാർ അധിഷ്ഠിതമാക്കണമെന്നും കാർഡുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

ചുമട്ടുതൊഴിലാളികൾക്ക് കാർഡ് നൽകുന്നത് ആധാർ അധിഷ്ഠിതമാക്കുന്നതിന് നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. ഹെഡ് ലോഡ് ആക്ട് പ്രകാരമുള്ള 26 (എ) കാർഡുകൾ സമയ ബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിലും അസിസ്റ്റന്റ് ലേബർ ഓഫീസ് തലത്തിലും സ്വീകരിച്ച് വരുന്നു. പൂൾ ഏരിയയിലും സ്കാറ്റേർഡ് ഏരിയയിലും ചുമട്ട് തൊഴിൽ ചെയ്യുന്നതിനായി ഹെഡ് ലോഡ് വർക്കേഴ്സ് തൊഴിലാളികൾ 26 (എ) കാർഡിനുവേണ്ടി അതാത് അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നു. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് കീഴിലുള്ള പ്രദേശത്തെ കാർഡുകൾ അനുവദിക്കുന്നതിന് മുമ്പായി കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന്റെ അഭിപ്രായം ആരായുകയും മറുപടി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ അഭിപ്രായത്തിനായി ബോർഡിലേയ്ക്ക് അയയ്ക്കുന്ന അപേക്ഷകളിൽ ബോർഡ് ജില്ലാ കമ്മിറ്റി കൂടിയതിനുശേഷം മാത്രമാണ് മറുപടി ലഭിക്കുന്നത്. ടി കാരണത്താൽ ഹെഡ് ലോഡ് അപേക്ഷകൾ പെൻഡിംഗ് ആവുന്ന സാഹചര്യം നിലവിലുണ്ട്. ടി മേഖലയിൽ വ്യത്യസ്ത യൂണിയനുകളിലെ തൊഴിലാളികൾ ജോലി ചെയ്തു വരികയും അപേക്ഷകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടാവുകയും ചെയ്തിട്ടുണ്ട്. ആയതുമൂലം കൂടുതൽ അപേക്ഷകൾ പെൻഡിംഗ് ആയിവരുന്നു. എന്നാൽ പെൻഡിംഗിലുള്ള ചുമട്ടുതൊഴിലാളി അപേക്ഷകളിൽ അടിയന്തരമായി അന്വേഷണം നടത്തി അർഹമായ അപേക്ഷകളിൽ കാർഡ് അനുവദിക്കുകയും അല്ലാത്തവ നിരസിക്കുകയും ചെയ്യണമെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 2 ഖണ്ഡിക 14</u>

പ്ലാന്റേഷൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജോയിന്റ് ലേബർ കമ്മീഷണർ റാങ്കിലുള്ള ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ഓഫീസ് കോട്ടയത്ത് മാത്രമാണ് നിലവിലുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. വടക്കൻ കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ സേവന-വേതനമടക്കമുള്ള ഉന്നമനത്തിനായി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ഒരു ഓഫീസ് വടക്കൻ കേരളത്തിൽ സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ ഓഫീസ് വടക്കൻ കേരളത്തിൽ സ്ഥാപിക്കുവാൻ നിർദ്ദേശമൊന്നും നിലവിലില്ല.

<u>ശിപാർശ നമ്പർ 8 ഖണ്ഡിക 27</u>

**എസ്റ്റേറ്റ് തൊഴിലാളികളുടെ ആശ്വാസ പദ്ധതി**

അപകടങ്ങളിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിക്ക് ഒറ്റതവണ സാമ്പത്തിക സഹായമായി 25,000 (ഇരുപത്തയ്യായിരം) രൂപ നൽകുന്ന പദ്ധതിയാണിത്. 2017-2018 വർഷത്തിൽ 20.00(ഇരുപത്) ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു. എസ്റ്റേറ്റ് വർക്കേഴ്സ് ഡിസ്ട്രസ് റിലീഫ് ഫണ്ട്, പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസനിധി പദ്ധതി എന്നിവ പ്രകാരം കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അപേക്ഷകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 1 | 2014-2015 | 71 | 17,75,000 |
| 2 | 2015-2016 | 59 | 14,75,000 |
| 3 | 2016-2017 | 40 | 10,00,000 |

പ്രസ്തുത പദ്ധതികൾ പ്രകാരം കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് വരുന്നതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികളുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാകുന്ന തരത്തിൽ പ്രചരണം നൽകണമെന്നും അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

2014-15 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ അപേക്ഷകരുടെ എണ്ണം മേൽ സമിതിയുടെ കണ്ടെത്തൽ പോലെ കുറഞ്ഞിരുന്നുവെങ്കിലും തുടർന്ന് 2017-18-ൽ 80 അപേക്ഷകർക്കായി അനുവദിച്ചിരുന്ന 20,00,000 രൂപ പൂർണ്ണമായി വിനിയോഗിക്കുകയും കൂടുതലായി 30 ഗുണഭോക്താക്കൾക്കായി 7,50,000 രൂപ കൂടി അനുവദിക്കുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ 2017-18 സാമ്പത്തിക വർഷം ആകെ 110 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഓരോ വർഷവും അനുവദിച്ചുതന്നിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന ടി പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാക്കുന്ന തരത്തിൽ തോട്ടം തൊഴിലാളികൾക്കിടയിൽ വ്യാപകമായ പ്രചാരണം നടത്തി വരുന്നുണ്ട്.

<u>ശിപാർശ 9 ഖണ്ഡിക 28</u>

**തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കലും നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതികളും**

സംസ്ഥാനത്തെ പ്രമുഖ തൊഴിൽ മേഖലകളിലൊന്നാണ് തോട്ടങ്ങൾ. സവിശേഷ വേതന വ്യവസ്ഥയും പശ്ചാത്തല സൗകര്യങ്ങളുടെ അഭാവവും തോട്ടം തൊഴിലാളികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വളരെ അകറ്റിനിർത്തുന്നു. ഇത്തരം തൊഴിലാളികൾക്കുള്ള താമസസൗകര്യം ഒരുക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1000.00 (ആയിരം) ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. <u>പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച് വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും അസംഘടിത നഗര തൊഴിലാളികൾക്കുള്ള പാർപ്പിടം പദ്ധതിയെപ്പറ്റിയുള്ള വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച മറുപടി</u>

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തോട്ടം തൊഴിലാളികൾക്കായി മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്ന പദ്ധതിയായ 'ഭവനം' പദ്ധതി (Own Your Own Housing Scheme) യ്ക്കായി 500 ലക്ഷം രൂപയും നിർദ്ധനരായ അസംഘടിത നഗര തൊഴിലാളികൾക്കായുള്ള പാർപ്പിട പദ്ധതിയായ 'ജനനി' പദ്ധതിക്കായി 500 ലക്ഷം രൂപയും ചേർത്ത് 2017-18 സാമ്പത്തിക വർഷം 1000 ലക്ഷം രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(എ) ഭവനം പദ്ധതി <u>(Own your own housing scheme)</u>

ഭവനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ലൈഫ് മിഷന്റെ ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കെ.ഡി.എച്ച്. വില്ലേജിൽ കട്ട്യാർ ഹൗസ് റീജിയണിലെ 15 പേരുടെ ലിസ്റ്റ് ദേവികുളം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. അവർക്ക് 400 ചതുരശ്ര അടിയുള്ള വീടുകൾ നിർമ്മിച്ച് നൽകാനുള്ള നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ സ്ഥലവും വീടും ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് 5 ഏക്കർ റവന്യൂ ഭൂമി മൂന്നാറിൽ കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി തൊഴിൽ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജനനി പദ്ധതി - <u>അടിമാലി സ്കീം</u>

ജനനി പദ്ധതി അടിമാലി സ്കീമിൽ 217 അപ്പാർട്ട്മെന്റുകളുള്ള കോംപ്ലക്സ് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ജനനി പദ്ധതി <u>പോഞ്ഞാശ്ശേരി സ്കീം.</u>

ജനനി പദ്ധതി പോഞ്ഞാശ്ശേരി സ്കീമിൽ 296 അപ്പാർട്ട്മെന്റുകളുള്ള കെട്ടിടങ്ങളാണ് നിർമ്മിക്കുവാൻ പദ്ധതിയുള്ളത്. ഇതിൽ 74 അപ്പാർട്ട്മെന്റുകളുള്ള ഒരു കോംപ്ലക്സ് പണി പൂർത്തിയായി വരുന്നു.

### <u>ശിപാർശ നമ്പർ 10 (ഖണ്ഡിക 30)</u>

2016-2017 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ "2230-01-103-89" (പ്ലാൻ) ശീർഷകത്തിൽ ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്കരണവും ഇ-പേയ്മെന്റ് വേജസ് പദ്ധതിയ്ക്കുമായി 100 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നു. ആയതിൽ ആധുനികവത്കരണത്തിന് 86,00,000 (എൺപത്തിയാറ് ലക്ഷം) രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ആധുനികവത്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ 2017 മാർച്ച് 28-ാം തീയതി സർക്കാർ അനുമതി നൽകിയെങ്കിലും സമയദൗർലഭ്യംമൂലം ഫോട്ടോകോപ്പിയർ മാത്രമാണ് വാങ്ങാൻ കഴിഞ്ഞത്. അവശേഷിച്ച തുക സറണ്ടർ ചെയ്യേണ്ടിവന്നു. <u>പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ലഭ്യമായ ടെണ്ടറുകൾ ഡി.പി.സി.-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചത് എപ്പോഴാണ് എന്നതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഡി.പി.സി. നിശ്ചിതമായ ഇടവേളകളിൽ കൃത്യമായി കൂടി ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ഡി ) വകുപ്പ്

2016-17 സാമ്പത്തിക വർഷം ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവത്കരണവും ഇ-പേയ്മെന്റ് ഓഫ് വേജസും പദ്ധതിക്കായി "2230-01-103-89" (പ്ലാൻ) എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വകുപ്പിന്റെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് ലേബർ കമ്മീഷണറേറ്റിലേക്കും സബ് ഓഫീസുകളിലേക്കും ആവശ്യമായ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ, ലേസർ ജെറ്റ് പ്രിന്ററുകൾ, ഡോട്ട്മാട്രിക്സ് പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, 1KVA യു.പി.എസ്., 600VA യു.പി.എസ്. എന്നിവ ഇ-ടെണ്ടർ മുഖേന വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അനുമതിക്കായി വകുപ്പുതല പർച്ചേസ് കമ്മിറ്റിയുടെ (ഡി.പി.സി.) അംഗീകാരത്തിനായി ലേബർ കമ്മീഷണർ 3-3-2017-ൽ പി2/8260/2016 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സർക്കാർ 15-3-2017 തീയതിയിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുതല പർച്ചേസ് കമ്മിറ്റി യോഗം ചേർന്ന് മേൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അംഗീകാരവും 28-3-2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 422/2017/തൊഴിൽ പ്രകാരം അനുമതിയും നൽകിയിരുന്നു.

എന്നാൽ 2016-17 സാമ്പത്തിക വർഷം ഫോട്ടോകോപ്പിയറുകൾ മാത്രമാണ് വിതരണം നടത്തി തുക അനുവദിക്കാനുള്ള നടപടിക്രമം പൂർത്തീകരിച്ചത്, ശേഷിച്ച ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ-70 എണ്ണം, ലേസർ ജെറ്റ് പ്രിന്ററുകൾ-4 എണ്ണം, ഡോട്ട്മാട്രിക്സ് പ്രിന്ററുകൾ-29 എണ്ണം, 1KVA യു.പി.എസ്.-30 എണ്ണം, 600VA യു.പി.എസ്. 11 എണ്ണം എന്നിവയുടെ നടപടിക്രമം പൂർത്തീകരിച്ച് വിതരണം ചെയ്യുവാൻ സമയദൗർലഭ്യം കാരണം സാധിച്ചിരുന്നില്ല. എന്നാൽ മേൽ ഉപകരണങ്ങൾ വാങ്ങുന്നതിന് വകുപ്പുതല പർച്ചേസ് കമ്മിറ്റിയുടെ അനുമതി ലഭിച്ചിരുന്നതിനാൽ ആയത് 2017-18 സാമ്പത്തിക വർഷത്തെ ആധുനികവത്കരണവും ഇ-പേയ്മെന്റ് ഓഫ് വേജസും പദ്ധതിക്കായി വകയിരുത്തിയ 200 ലക്ഷം രൂപയിൽ നിന്നും വാങ്ങി വിതരണം ചെയ്യുകയുണ്ടായി.

### ശിപാർശ നമ്പർ 11 (ഖണ്ഡിക 31)

2016-17 സാമ്പത്തിക വർഷത്തിൽ ഇ-പേയ്മെന്റ് ഓഫ് വേജസ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച 4,40,516 (നാല് ലക്ഷത്തി നാൽപതിനായിരത്തി അഞ്ഞൂറ്റി പതിനാറ്) രൂപയിൽ 3 ലക്ഷം രൂപ ഇ-പേയ്മെന്റുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾക്കായി നീക്കി വച്ചിട്ടുണ്ടായിരുന്നു. എല്ലാ ജില്ലകളിലും

ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയാതെ വന്നതിനാൽ പ്രസ്തുത തുകയിൽ 37,214 (മുപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി പതിനാല്) രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ഇ-പേയ്മെന്റ് ബോധവൽക്കരണ പരിപാടികൾക്കായി നീക്കിവച്ചിരുന്ന ഫണ്ട് ലാപ്സാകാതിരിക്കാനുള്ള ശ്രദ്ധ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ഇ-പേയ്മെന്റ് ബോധവത്കരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്നും അനുവദിയ്ക്കപ്പെടുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി ) വകുപ്പ്

2016-17 സാമ്പത്തിക വർഷം ഇ-പേയ്മെന്റ് ഓഫ് വേജസ് എന്ന് അറിയപ്പെടുന്ന വേതന സുരക്ഷാ പദ്ധതിയുടെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് 3 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കി സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കിയിരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലെയും 20-ൽ കൂടുതൽ തൊഴിലാളികളുള്ള തൊഴിൽസ്ഥാപനങ്ങളെയുമാണ് പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചിരുന്നത്. ടി സ്ഥാപനങ്ങളുടെ ഉടമകൾക്ക് 14 ജില്ലകളിലും പ്രത്യേകം ബോധവൽക്കരണ പരിപാടികൾ വിപുലമായി നടത്തുന്നതിനും പരസ്യപ്രചാരണം നടത്തുന്നതിനുമായാണ് ടി തുക കണക്കാക്കിയിരുന്നത്.

എന്നാൽ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള വിവിധ ഓഫീസുകളിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും ചേമ്പർ ഓഫ് കൊമേഴ്സ് പോലുള്ള സംഘടനകളുടെ സഹായത്തോടെയും മറ്റ് സർക്കാർ സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്ത് വളരെ ചെലവ് കുറഞ്ഞ രീതിയിൽ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തുന്നതിന് സാധിച്ചു. കൂടാതെ പദ്ധതിയോട് സഹകരിച്ച് പ്രവർത്തിക്കുന്ന വിവിധ ബാങ്കുകൾ അവരുടെ ബിസിനസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി സ്വന്തം നിലയ്ക്ക് ബോധവൽക്കരണ പരിപാടികൾ വകുപ്പിലെ ഐ.ടി. സെല്ലിന്റെ സഹകരണത്തോടെ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുക കൂടി ചെയ്തതിനാൽ ബോധവത്കരണ പരിപാടികൾ വളരെ ചെലവ് കുറഞ്ഞ രീതിയിൽ സംസ്ഥാന വ്യാപകമായി നടത്തുന്നതിന് സാധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വ്യാപാര മേഖല വേതന സുരക്ഷാ പദ്ധതിയുമായി മികച്ച രീതിയിൽ സഹകരിച്ച് പ്രവർത്തിക്കുകയും നാളിതുവരെയായി 8165 സ്ഥാപനങ്ങളിലെ 247154 തൊഴിലാളികൾക്ക് 3,734 കോടിയിലധികം രൂപ ടി പദ്ധതിമുഖേന വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ചുരുങ്ങിയ ചെലവിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞത് ഒരു നേട്ടമായി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശിപാർശ നമ്പർ 12 (ഖണ്ഡിക 35)

2016-17 സാമ്പത്തിക വർഷം അസംഘടിത മേഖലയിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള മതിയായ അപേക്ഷകൾ ലഭിക്കാതിരുന്ന ജില്ലകൾ ഏതൊക്കെ എന്നതിനെ സംബന്ധിച്ചും പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. അൺഓർഗനൈസ്ഡ് വർക്കേഴ്സ് ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് പദ്ധതിയ്ക്കായി അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള സാമൂഹ്യ സംരക്ഷണ പദ്ധതിയെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കൂടുതൽ പ്രചരണം നൽകണമെന്നും അനുവദിക്കപ്പെടുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തൊഴിലും നൈപുണ്യവും (ബി ) വകുപ്പ്

2016-17 സാമ്പത്തിക വർഷം അസംഘടിത മേഖലയിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്കുള്ള ആശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള മതിയായ അപേക്ഷകൾ ലഭിയ്ക്കാതിരുന്നത് തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ നിന്നാണ്. 2016-17 സാമ്പത്തിക വർഷം ആശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുള്ള തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

ഈ പദ്ധതിയെപ്പറ്റി പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനയി പത്ര മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തുന്നതിന് ലേബർ കമ്മീഷണർ ഓഫീസിലെ പബ്ലിസിറ്റി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നുണ്ട്.

| ക്രമനമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല |
| 2 | കൊല്ലം | 71 |
| 3 | പത്തനംതിട്ട | 128 |
| 4 | ആലപ്പുഴ | 34 |
| 5 | കോട്ടയം | 20 |

| | | |
|---|---|---|
| 6 | ഇടുക്കി | 16 |
| 7 | എറണാകുളം | 7 |
| 8 | പാലക്കാട് | 294 |
| 9 | തൃശ്ശൂർ | 32 |
| 10 | മലപ്പുറം | ഇല്ല |
| 11 | കോഴിക്കോട് | 78 |
| 12 | വയനാട് | 6 |
| 13 | കണ്ണൂർ | 19 |
| 14 | കാസർഗോഡ് | 40 |

<u>ശിപാർശ നമ്പർ 13 (ഖണ്ഡിക 37)</u>

തൊഴിൽ വകുപ്പിന്റെ അന്വേഷണ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്ന പരാതി പരിഹാര സേവനം, വകുപ്പ് നടത്തിവരുന്ന വിപുലമായ പരിപാടികൾ, പദ്ധതികൾ എന്നിവയെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സിനിമാശാലകൾ വഴിയുള്ള പരസ്യം നൽകൽ, ഡോക്യുമെന്ററി നിർമ്മാണം, സെമിനാർ, എഫ്.എം. റേഡിയോ വഴിയുള്ള പരസ്യപ്രക്ഷേപണം, റെയിൽവേ, ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള വീഡിയോ പ്രദർശനം എന്നിവ നടത്തി വരുന്നു. ലേബർ കമ്മീഷണർക്ക് പരസ്യങ്ങൾ പ്രക്ഷേപണം ചെയ്യുന്നതിന് ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുക 10,000 (പതിനായിരം) രൂപയിൽനിന്ന് വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി ) വകുപ്പ്

നിലവിൽ പരിധി ഉയർത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പബ്ലിസിറ്റി ചെലവുകൾക്കായി ഒരു കോടി രൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 14 (ഖണ്ഡിക 38)</u>

സംസ്ഥാനത്തെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളെയും ഫാക്ടറികളെയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിനും ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള പദ്ധതിയ്ക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

ഗ്രേഡിംഗ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ:

1. മികച്ച തൊഴിൽ ദാതാവ്
2. സംതൃപ്തരായ തൊഴിലാളികൾ
3. സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം
4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം
5. സ്ത്രീ സൗഹൃദ അന്തരീക്ഷം
6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ
7. തൊഴിലിടങ്ങളിലെ സുരക്ഷ

പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

കേരളത്തിലെ വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളേയും ഫാക്ടറികളേയും അവയുടെ വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. ആദ്യഘട്ടം എന്ന നിലയിൽ ടെക്സ്റ്റയിൽസ് ഷോപ്പുകൾ, ഹോസ്പിറ്റലുകൾ, കൺസ്ട്രക്ഷൻ മേഖല, ഹോട്ടലുകൾ - റസ്റ്റോറന്റുകൾ, സ്റ്റാർ ഹോട്ടലുകൾ, ജുവലറികൾ, ഐ.ടി. സ്ഥാപനങ്ങൾ, സെക്യൂരിറ്റി സർവ്വീസ് എന്നീ മേഖലകളിലാണ് ഗ്രേഡിംഗ് നടപ്പിലാക്കിയിട്ടുള്ളത്. കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമത്തിൻ കീഴിലും ഫാക്ടറീസ് നിയമത്തിന് കീഴിലും വരുന്ന സ്ഥാപനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രേഡ് ചെയ്യുന്നതും 80%ൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്ക് 'എ+' വജ്ര ഗ്രേഡും 71 മുതൽ 80% വരെ മാർക്ക് നേടുന്നവയ്ക്ക് 'എ' സുവർണ്ണ ഗ്രേഡും 60 മുതൽ 70% വരെ മാർക്ക് നേടുന്നവയ്ക്ക് 'ബി' രജത ഗ്രേഡും നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

ആയതിനായി നിശ്ചയിച്ച മാനദണ്ഡങ്ങൾ പ്രകാരം 941 അപേക്ഷകൾ ലഭിക്കുകയും അവ അസിസ്റ്റന്റ് ലേബർ ഓഫീസർ മുഖാന്തരം പരിശോധന നടത്തുകയും തുടർന്ന് ജില്ലാ ലേബർ ഓഫീസർ പുനഃപരിശോധന നടത്തുകയും 60%-ൽ താഴെ മാർക്ക് ലഭിച്ച 251 സ്ഥാപനങ്ങൾ Disqualified ആകുകയും ശേഷമുള്ള 690 അപേക്ഷകൾ സംസ്ഥാനതല കമ്മിറ്റി ഒരു വട്ടംകൂടി സൂക്ഷ്മ പരിശോധന നടത്തുകയുണ്ടായി.

ഈ 690 അപേക്ഷകളിൽ 269 സ്ഥാപനങ്ങൾ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ക്രിട്ടിക്കൽ ചോദ്യങ്ങൾ പാസ്സാകാത്തതിനാൽ ടി സ്ഥാപനങ്ങളെ ഗ്രേഡിംഗിൽ നിന്നൊഴിവാക്കി തുടർന്ന് വജ്രഗ്രേഡിനായി 271 സ്ഥാപനങ്ങളെയും സുവർണ്ണ ഗ്രേഡിനായി 119 സ്ഥാപനങ്ങളേയും രജത ഗ്രേഡിനായി 56 സ്ഥാപനങ്ങളേയും ഉൾപ്പെടെ ആകെ 446 സ്ഥാപനങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് എക്സലൻസ് നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ഗ്രേഡിനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ലിസ്റ്റിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് അറിയുന്നതിനായി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ മുഖാന്തരം അന്വേഷണം നടത്തുകയും ആയതനുസരിച്ച് ലഭിച്ച റിപ്പോർട്ടിൽ അനർഹർ ഉൾപ്പെട്ടിട്ടില്ല എന്നും ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രേഡിംഗ് സർട്ടിഫിക്കറ്റുകൾ 15-10-2018-ന് ബഹു. തൊഴിൽ വകുപ്പ് മന്ത്രി വിതരണം ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം വ്യാപാര വ്യവസായ സ്ഥാപനങ്ങളെ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 15 (ഖണ്ഡിക 39)</u>

## കർഷകത്തൊഴിലാളി ക്ഷേമപെൻഷൻ പദ്ധതി

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരും 60 വയസ്സ് പൂർത്തിയായവരുമായ കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 1100 (ആയിരത്തി ഒരുന്നൂറ്) രൂപ പെൻഷൻ നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയിൽ ഏകദേശം 38 കോടി രൂപയിലധികം തുക കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. <u>കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും അടിയന്തരമായും പൂർണ്ണമായും വിതരണം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയായതിനാൽ, പെൻഷൻ സംബന്ധിച്ച വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് സമിതിക്ക് നേരിട്ട് മറുപടി നൽകുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബോർഡിൽ 2010 മുതലുള്ള ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളത്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2230-01-103-72-10 (സംഭാവന) നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6,87,00,000 (ആറ് കോടി എൺപത്തിയേഴ് ലക്ഷം

രൂപ മാത്രം) രൂപയും അധിക തുകയായി അനുവദിച്ച 93,13,00,000 (തൊണ്ണൂറ്റിമൂന്ന് കോടി പതിമൂന്ന് ലക്ഷം രൂപ മാത്രം) ചേർത്ത് ആകെ 100,00,00,000 (നൂറ് കോടി രൂപ മാത്രം) 22-10-2018-ലെ സ.ഉ.(സാധാ.) നമ്പർ 1209/2018/തൊഴിൽ പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 16 (ഖണ്ഡിക 41)</u>

## മൂന്നാറിലെ ലേബർ കോംപ്ലക്സ് നിർമ്മാണം

ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയിലെ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.)-ൽ നിലവിൽ ലേബർ ഓഫീസ്, പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ് എന്നിവ ടാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസ വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. വകുപ്പിന്റെ കൈവശം ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്.പി. വില്ലേജിൽ ഉള്ള ഭൂമിയിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 223 ലക്ഷം രൂപ വകയിരുത്തുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തുവെങ്കിലും പ്രവൃത്തി ഏറ്റെടുത്ത അംഗീകൃത ഏജൻസിയായ ബി.എസ്.എൻ.എൽ.-ന് എസ്റ്റിമേറ്റ് തുകയുടെ 20% ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ പ്രസ്തുത തുക പൂർണ്ണമായും സറണ്ടർ ചെയ്യേണ്ടി വന്നതായി സമിതി മനസ്സിലാക്കുന്നു. ഡെപ്പോസിറ്റ് തുക ബി.എസ്.എൻ.എൽ.-ന് നൽകാൻ സർക്കാർ അനുമതി ലഭിക്കാതെവന്ന സാഹചര്യത്തെ സംബന്ധിച്ചും പദ്ധതി തുക പൂർണ്ണമായും സറണ്ടർ ചെയ്യേണ്ടി വന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

ആയിരക്കണക്കിന് തൊഴിലാളികൾ അധിവസിക്കുന്ന തോട്ടം മേഖലയാണ് മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻസ് (കെ.ഡി.എച്ച്.പി). നിലവിൽ മൂന്നാർ ഡെപ്യൂട്ടി ലേബർ ഓഫീസ് , മൂന്നാർ പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ് എന്നിവ ടാറ്റാ ലിമിറ്റഡ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാസവാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. തോട്ടം മേഖലയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് തൊഴിലാളികളുടെ പരാതികൾ നിർഭയമായും എളുപ്പത്തിലും അധികാരികളുടെ സമക്ഷം എത്തിക്കുന്നതിനും തൊഴിൽ നിയമങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും, തോട്ടം തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധ ഓഫീസുകളുടെ പ്രവർത്തനങ്ങൾ ഒരു സ്ഥലത്തേയ്ക്ക് കേന്ദ്രീകരിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലേയ്ക്കായിട്ടാണ് മൂന്നാറിൽ ലേബർ കോംപ്ലക്സ് നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

30-9-2015 തീയതിലെ സ.ഉ. (ആർറ്റി.) നമ്പർ 515/2015/റവന്യൂ ഉത്തരവ് പ്രകാരം ദേവികുളം താലൂക്കിലെ കെ.ഡി.എച്ച്.പി. വില്ലേജിൽ സർവ്വേ നമ്പർ 912-ൽ ഉൾപ്പെട്ട 18 ആർ ഭൂമി (44.46 സെന്റ്) തൊഴിൽ വകുപ്പിന് കൈമാറി ഉത്തരവായിരുന്നു. 2016-2017 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 4250-00-201-92 ശീർഷകത്തിൽ 223 ലക്ഷം രൂപ വകയിരുത്തുകയും 15-10-2016 തീയതിയിലെ സ.ഉ. (ആർറ്റി.) നമ്പർ 1256/2016/തൊഴിൽ ഉത്തരവ് പ്രകാരം കോംപ്ലക്സിന്റെ ഡിസൈൻ, സൗരോർജ്ജം മഴവെള്ള സംഭരണി തുടങ്ങിയവ ഉപയോഗപ്പെടുത്തി പരിസ്ഥിതിയ്ക്ക് അനുയോജ്യമായിരിക്കണം, സർക്കാർ അംഗീകൃത ഏജൻസി മുഖേനയുള്ള നിർമ്മാണം നടത്തണം എന്നീ വ്യവസ്ഥകളോടെ ടി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകുകയുണ്ടായി.

നിർമ്മാണ പ്രവർത്തനം ഗവൺമെന്റ് അംഗീകൃത ഏജൻസിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് 23-11-2016-ന് ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, ബി.എസ്.എൻ.എൽ., നിർമ്മിതി കേന്ദ്ര എന്നീ അംഗീകൃത ഏജൻസികൾ പങ്കെടുക്കുകയുണ്ടായി. ലേബർ കോപ്ലക്സ് നിർമ്മിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലം സന്ദർശിച്ച് പ്ലാനും എസ്റ്റിമേറ്റും മൂന്നാഴ്ചയ്ക്കകം സമർപ്പിക്കുവാൻ ടി യോഗത്തിൽ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബി.എസ്.എൻ.എൽ. മാത്രമാണ് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിരുന്നത്. ടി വിവരം ലേബർ കമ്മീഷണർ അറിയിച്ചതിനെ തുടർന്ന് 14-2-2017 തീയതിയിലെ സ.ഉ. (ആർറ്റി.) നമ്പർ 216/2017/തൊഴിൽ ഉത്തരവ് പ്രകാരം നിർമ്മാണ പ്രവർത്തി ഡെപ്പോസിറ്റ് വ്യവസ്ഥയിൽ ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ. സമർപ്പിച്ച 9,48,93,000 രൂപയുടെ (ഒൻപത് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ മാത്രം) റഫ് കോസ്റ്റ് അംഗീകരിച്ച് എസ്റ്റിമേറ്റ് തുകയുടെ 20% ആയ 1,89,78,600 (ഒരു കോടി എൺപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി അറുനൂറ് രൂപ മാത്രം) ബി.എസ്.എൻ.എൽ.-ന് ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി ലേബർ കമ്മീഷണർ സമർപ്പിക്കുകയുണ്ടായി.

എന്നാൽ 18-4-2017-ലെ ഡി3/42/2017/തൊഴിൽ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ബി.എസ്.എൻ.എൽ.-ന് നിർദ്ദേശം നൽകുകയും അവർ സമർപ്പിച്ച പുതിയ പ്രൊപ്പോസൽ ലേബർ കമ്മീഷണർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ സർക്കാർ ആയത് അംഗീകരിച്ചില്ല. തുടർന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട്

കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 2,26,58,052 (രണ്ട് കോടി ഇരുപത്തിയാറ് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി അൻപത്തിരണ്ട് രൂപ മാത്രം) രൂപ എസ്റ്റിമേറ്റും പ്ലാനും സർക്കാർ അംഗീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 23-11-2018-ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് വർക്ക് ഓർഡർ നൽകുകയും, ടി കമ്പനിയുമായി 21-12-2018-ന് നിർമ്മാണ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം മൂന്നാർ ലേബർ കോംപ്ലക്സിന്റെ ശിലാസ്ഥാപന കർമ്മം 14-2-2019-ന് ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ അവർകൾ നിർവ്വഹിച്ചു.

## ശിപാർശ നമ്പർ 18 (ഖണ്ഡിക 48)

## സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ

സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് തിരുവനന്തപുരം ടെക്നോപാർക്കിന് സമീപം സ്ഥിതി ചെയ്യുന്ന സ്ഥാപനമായതിനാൽ ട്രെയിനിംഗിന് വരുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായും താമസ സൗകര്യം ചെലവേറിയതാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സ്കിൽ അപ്ഡേറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഡസ്ട്രിയിൽ ട്രെയിനിംഗിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് താമസസൗകര്യം ഒരുക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കഴക്കൂട്ടത്ത് താമസസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി വനിതകൾക്കുള്ള ഡോർമെറ്ററി നിർമ്മാണത്തിനായി നാളിതുവരെ 185 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് വകുപ്പ് 75 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഡോർമെറ്ററിയുടെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം നടത്തിക്കൊണ്ടിരിക്കയാണ്. മൂന്ന് നിലകെട്ടിടം പണിയുന്നതിന് പര്യാപ്തമായ പൈലിംഗ് നടപടികൾ ചെയ്തിട്ടുണ്ട്. റൂഫ് ലെവൽ കോൺക്രീറ്റ് നടത്തുന്നതിനുള്ള ജോലികൾ ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ശേഷിക്കുന്ന 110 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ നടന്നു വരികയാണെന്നും താഴത്തെ നിലയുടെ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ഒന്നാം നിലയുടെയും, രണ്ടാം നിലയുടെയും നിർമ്മാണം ആരംഭിക്കുമെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 19 (ഖണ്ഡിക 55)

## ഐ.ടി.ഐ. ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതികൾ

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ പരിശീലനം നേടുന്ന ഭൂരിഭാഗം കുട്ടികളും വിദൂര സ്ഥലങ്ങളിൽ നിന്ന് വരുന്നവരും വളരെ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുള്ളവരുമാണ്. ഇവരിലെ പോഷകാഹാരക്കുറവ് കാരണം പ്രാക്ടിക്കൽ പരിശീലന ത്തിനിടയിൽ വളരെ പെട്ടെന്ന് ക്ഷീണിതരായി പോകാറുണ്ട്. ഇതിന് പരിഹാരമായി ആഴ്ചയിൽ മൂന്ന് ദിവസം ഒരു ഗ്ലാസ്സ് തിളപ്പിച്ച പാലും ഒരു പുഴുങ്ങിയ മുട്ടയും ട്രെയിനികൾക്ക് നൽകുന്ന പദ്ധതി 2013-14 വർഷം മുതൽ ആരംഭിക്കുകയും നിലവിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും ഒരു പുഴുങ്ങിയ മുട്ടയും അല്ലെങ്കിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും ഒരു ഏത്തപ്പഴവും അല്ലെങ്കിൽ ഒരു ഗ്ലാസ് തിളപ്പിച്ച പാലും 2 കഷണം ബ്രൗൺ ബ്രഡ്ഡും എന്ന നിലയിൽ എല്ലാ പ്രവർത്തി ദിവസവും എല്ലാ ഐ.ടി.ഐ.-കളിലും നടപ്പിലാക്കിവരുകയും ചെയ്യുന്നു. ഇതിനുപുറമെ ആര്യനാട്, അട്ടപ്പാടി, നിലമ്പൂർ എന്നീ ഐ.ടി.ഐ.-കളിൽ ദിവസേന ഉച്ചയൂണ് പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. ഉച്ചയൂണ് പദ്ധതി എല്ലാ സർക്കാർ ഐ.ടി.ഐ.-കളിലേക്കും വ്യാപിപ്പിക്കണമെന്നും പദ്ധതിയുടെ പുരോഗതിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിലെ നിലവിലുള്ള 93 ഐ.ടി.ഐ.-കളിലും പോഷകാഹാര പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. ഉച്ചയൂണ് പദ്ധതി നിലവിൽ എല്ലാ വനിതാ ഐ.ടി.ഐ.-കളിലും (14 വനിതാ ഐ.ടി.ഐ.കൾ) എസ്.സി., എസ്. ടി. വിഭാഗത്തിൽപ്പെട്ട ട്രെയിനികൾക്ക് പ്രാമുഖ്യമുള്ള മൂന്ന് ഐ.ടി.ഐ.കളിലും (ആര്യനാട്, നിലമ്പൂർ, അട്ടപ്പാടി)ആണ് നടന്നു വരുന്നത്. ആയതും കാര്യക്ഷമമായി നടന്നുവരുന്നു. 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ ഇതിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 20 ഖണ്ഡിക 59

## പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

പരിശീലന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ തുടക്കം കുറിച്ച നൈപുണ്യ വികസന പദ്ധതിക്ക് അനുസൃതമായി സംസ്ഥാനവും നൈപുണ്യ വികസനം കൈവരിക്കുന്നതിനായി പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. 2016-17 വർഷത്തിൽ 4 പുതിയ ഒന്നാം നിര

ഐ.ടി.ഐ.-കൾ പടിയൂർ (കണ്ണൂർ), പേരാമ്പ്ര (കോഴിക്കോട്), പെരുമാട്ടി (പാലക്കാട്), വാമനപുരം (തിരുവനന്തപുരം) എന്നീ സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 2016-17 ബഡ്ജറ്റിൽ ടോക്കൺ തുക വകയിരുത്തുകയും ചെയ്തു. പേരാമ്പ്രയിൽ കോഴിക്കോട് ഐ.ടി.ഐ. യുടെ പ്രവർത്തനം ആരംഭിക്കുകയും പെരുമാട്ടി (പാലക്കാട്), വാമനപുരം (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം, കന്ദമംഗലം, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, കണ്ണൂർ ജില്ലയിലെ ധർമ്മടം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയുടെ പുരോഗതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 3 ഏക്കർ ഭൂമി വേണമെന്ന് നിബന്ധന ഉള്ളതായി സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ സംസ്ഥാനത്തെ ജനബാഹുല്യവും ഭൂലഭ്യതയുടെ പരിമിതിയും തിരിച്ചറിഞ്ഞുകൊണ്ട് പുതിയ ഐ.ടി.ഐ. കൾ സ്ഥാപിക്കുന്നതിന് സ്ഥലവിസ്തൃതിയുടെ കാര്യത്തിൽ നിലവിലുള്ള നിബന്ധനയിൽ ഇളവ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

കണ്ണൂർ ജില്ലയിലെ പടിയൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ പെരുമാട്ടി, തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്, കണ്ണൂർ ജില്ലയിലെ ധർമ്മടം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര എന്നിവിടങ്ങളിൽ ഐ.ടി.ഐ-കൾ സ്ഥാപിച്ച് പരിശീലനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കന്ദമംഗലത്തിന് പകരം വർക്കലയിലും ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള കേന്ദ്ര സർക്കാർ (Director General of Training, New Delhi) നോംസ് പ്രകാരം പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം ചുരുങ്ങിയത് 1.07 ഏക്കർ ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 21 ഖണ്ഡിക 60</u>

ഐ.ടി.ഐ.-കൾ ഉത്കൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 5 ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുകയും 7 ഐ.ടി.ഐ.-കളെ വേൾഡ് ബാങ്ക് പദ്ധതിയിൻ കീഴിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. പ്രസ്തുത

പദ്ധതിയുടെ 25% വിഹിതം സംസ്ഥാന സർക്കാരും 75% വിഹിതം കേന്ദ്ര സർക്കാരും വഹിക്കുന്നു. 2010 മാർച്ച് 31-ന് അവസാനിക്കേണ്ടിയിരുന്ന പദ്ധതിയുടെ കാലാവധി 2018 സെപ്റ്റംബർ വരെ ദീർഘിപ്പിച്ചതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

ലോകബാങ്കിന്റെ സഹായത്തോടെ ഐ.ടി.ഐ. കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ കാലാവധി 2012 ഡിസംബർ വരെ ആയിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിൽ മികച്ച സംസ്ഥാനങ്ങളിലൊന്നായി തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ ചെലവഴിക്കാത്ത തുകയിൽ നിന്നും 635.80 ലക്ഷം രൂപ 7 പദ്ധതി ഐ.ടി.ഐ. കൾക്കും (ധനുവച്ചപുരം, കൊല്ലം, ആര്യനാട്, മലമ്പുഴ, പള്ളിക്കത്തോട്, കൊയിലാണ്ടി, കല്പറ്റ) അഡീഷണൽ ഫണ്ടായി അനുവദിച്ചിരുന്നു. ടി തുക കൂടി ചെലവഴിക്കാൻ വേണ്ടിയും ടി പദ്ധതിയിൻകീഴിലുള്ള Management Information System, Grading of ITIs എന്നിവ ചെയ്യാനും കൂടിയാണ് പദ്ധതി കാലാവധി 2018 സെപ്റ്റംബർ വരെ ദീർഘിപ്പിച്ചത്. കൂടാതെ ടി പദ്ധതിയിൻകീഴിൽ Initiative Development Plan പ്രകാരമുള്ള കെട്ടിട നിർമ്മാണവും, ഉപകരണ സംഭരണവും പൂർത്തിയായിട്ടുണ്ട്. അഡീഷണൽ ഫണ്ടിംഗ് പ്രകാരമുള്ള ഉപകരണ സംഭരണം 90% പൂർത്തിയായിട്ടുണ്ട്.

## ശിപാർശ നമ്പർ 22 ഖണ്ഡിക 61

## മാതൃകാ ഐ.ടി.ഐ.-കൾ സ്ഥാപിക്കൽ

ഐ.ടി.ഐ. -കൾ വഴി മേന്മയുള്ള തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിനായി നിലവിലുള്ള സർക്കാർ ഐ.ടി.ഐ. കളിൽ നിന്നും കുറഞ്ഞത് ഓരോ ഐ.ടി.ഐ. വീതം എല്ലാ സംസ്ഥാനങ്ങളിലും മാതൃകാ ഐ.ടി.ഐ. ആക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ള കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിന്റെ പദ്ധതിയാണിത്. ഈ മാതൃകാ ഐ.ടി.ഐ.-കൾ പ്രാദേശിക വ്യവസായങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള വൈദഗ്ധ്യവും തൊഴിൽ പരിശീലനവും നൽകുന്നതിന് വേണ്ടിയുള്ള ഡിമാന്റ് സെന്ററുകളായി പ്രവർത്തിക്കുന്നതിനു വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. കേരളത്തിൽ കളമശ്ശേരി ഐ.ടി.ഐ. യെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്നും ഈ പദ്ധതിയിലേക്ക് കൂടുതൽ ഐ.ടി.ഐ. കളെ ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

കളമശ്ശേരി ഐ.ടി.ഐ.-യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്നതിനുള്ള 10 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അനുവദിക്കുകയും കേന്ദ്ര വിഹിതത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ആകെ 630 ലക്ഷം ലഭിച്ചിട്ടുമുണ്ട്. കളമശ്ശേരി ഐ.ടി.ഐ. യിലെ ട്രെയിനിംഗിന് ആവശ്യമായ ഉപകരണ സംഭരണവും കെട്ടിട നിർമ്മാണവുമാണ് ടി പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. മെഷീനിസ്റ്റ്, എം.ആർ.എ.സി., പെയിന്റർ ജനറൽ, കാർപ്പന്റർ ഐ/മെക്, വയർമെൻ, ഫിറ്റർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഷീറ്റ് മെറ്റൽ വർക്കർ, വെൽഡർ, ഇലക്ട്രോണിക്, മെക്കാനിക്, പ്ലംബർ, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ്, സർവ്വേയർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരണം നടത്തിയിട്ടുണ്ട്.

ടി പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| പദ്ധതി തുക | - 1000 ലക്ഷം (കേന്ദ്ര വിഹിതം 700 + സംസ്ഥാന വിഹിതം 300) |
| കേന്ദ്ര വിഹിതം അനുവദിച്ചത് | - 630 ലക്ഷം |
| ആനുപാതിക സംസ്ഥാന വിഹിതം | - 270 ലക്ഷം |
| ആകെ | - 900 ലക്ഷം |
| ചിലവഴിച്ചത് | - 557.75317 |
| അനുവദിച്ച തുകയിൽ ചെലവഴിക്കാനുള്ളത് | - 342.24683 |

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് ശിപാർശയിൽ അവസാന ഗഡുവായ ഒരു കോടി രൂപ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 23 ഖണ്ഡിക 62</u>

രാജ്യത്തെമ്പാടുമുള്ള തെരഞ്ഞെടുക്കപ്പെട്ട വ്യാവസായിക പരിശീലന കേന്ദ്രങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം രൂപകല്പന ചെയ്ത പദ്ധതിയാണ് STRIVE. ഓരോ സംസ്ഥാനത്തും നന്നായി പ്രവർത്തിക്കുന്ന ഗവ. ഐ.ടി.ഐ.-കളെ സംസ്ഥാന ഗവൺമെന്റിന്റെയും വ്യാവസായിക പങ്കാളികളുടെയും സഹായത്തോടെ കണ്ടെത്തി NODES ആയി ചുമതലപ്പെടുത്തുന്നു. നിലവിലുള്ള വ്യാവസായിക ഹബ്ബുകളിലുള്ള ഐ.ടി.ഐ.-കളായിരിക്കും NODES ആയി പ്രവർത്തിക്കുന്നത്. നാളിതുവരെയും സർക്കാർ പദ്ധതികളിലൂടെ ധനസഹായമൊന്നും ലഭിക്കാത്ത താരതമ്യേന

അവികസിതമായ 5 മുതൽ 8 വരെ ഗവ. ഐ.ടി.ഐ. കളെ അഫിലിയേറ്റഡ് ആയി ഓരോ നോഡിനുകീഴിലും തെരഞ്ഞെടുക്കുന്നു. നോഡ് ഐ.ടി.ഐ.-കളും അഫിലിയേറ്റഡ് ഐ.ടി.ഐ.-കളും അടങ്ങുന്ന ഐ.ടി.ഐ. ക്ലസ്റ്ററുകളെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് ബോർഡ് (ഐ.എം.ബി.) നിയന്ത്രിക്കുന്നു. ഐ.ടി.ഐ.-കളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിനുള്ള പ്രോത്സാഹനം, ഗവ. ഐ.ടി.ഐ. കളിൽ അംഗപരിമിത സൗഹാർദ്ദ പശ്ചാത്തല വികസനം എന്നിവയും ഈ പദ്ധതിയിലെ പ്രധാന പരിപാടികളാണ്. <u>പദ്ധതിയിലുൾപ്പെട്ട ഐ.ടി.ഐ. കളുടെ ക്ലസ്റ്റർ തിരിച്ചുള്ള വിവരങ്ങളും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

Skill Strengthening for Industrial Value Enhancement (STRIVE) എന്നത് കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. ടി പദ്ധതി ഇതുവരെയും ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അംഗീകരിച്ച് നൽകിയിട്ടില്ല. ടി പദ്ധതിയുടെ പൂർണ്ണ രൂപത്തിലുള്ള ഗൈഡ് ലൈൻസ് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണെന്ന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് അറിയിച്ചിട്ടുണ്ട്. പൂർത്തീകരിച്ച ഗൈഡ് ലൈൻസ് ലഭിച്ചാൽ മാത്രമേ ക്ലാസ്റ്ററുകളെയും, ഐ.ടി.ഐ. കളെയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം അറിയാൻ സാധിക്കുകയുള്ളൂ.

<u>ശിപാർശ നമ്പർ 24 ഖണ്ഡിക 65</u>

വ്യവസായ പരിശീലന വകുപ്പിനുകീഴിൽ എല്ലാ ഐ.ടി.ഐ. കളിലും പ്ലേയ്സ്മെന്റ് സെല്ലുകൾ സജീവമായി പ്രവർത്തിച്ചു വരുന്നു. ഓരോ ജില്ലയിലും ജോബ് ഫെയറുകൾ സമയബന്ധിതമായി സംഘടിപ്പിക്കപ്പെടുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി വ്യവസായ പരിശീലന വകുപ്പിന്റെ ജോബ് പോർട്ടൽ നിർജ്ജീവമാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>പ്രസ്തുത ജോബ് പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

നിലവിലെ ജോബ് പോർട്ടൽ സാങ്കേതികമായി കാലഹരണപ്പെട്ടതിനാൽ ടി പോർട്ടൽ ഇനി പ്രവർത്തനക്ഷമമാക്കാൻ കഴിയില്ല എന്ന് ആയത് വികസിപ്പിച്ച കെൽട്രോൺ അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഏകീകൃത ജോബ് പോർട്ടൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള M/s കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കുകയും, ടി പോർട്ടൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

## ശിപാർശ നമ്പർ 25 ഖണ്ഡിക 67

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കമ്പ്യൂട്ടർവൽക്കരണം

വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും വേണ്ടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് പദ്ധതി വകുപ്പിലെ എല്ലാ ഓഫീസുകളിലും നടപ്പിലാക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ എല്ലാ സബ് ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. ആദ്യ ഘട്ടത്തിൽ 2015-16 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലും മൂന്ന് മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു.

2016-17 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും 3 പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, 6 വികലാംഗർക്ക വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, 2 കോച്ചിംഗ് കം ഗൈഡൻസ് സെന്ററുകളിലും രണ്ടാമത്തെ ഘട്ടത്തിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു.

2017-18 വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് 61 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും, 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. മേൽപ്പറഞ്ഞ ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ KSWAN കണക്ഷൻ ലഭ്യമാക്കുകയും കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സംഭരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഓഫീസുകളിലും ഇ-ഓഫീസ് പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നുണ്ട്.

## ശിപാർശ നമ്പർ 26 ഖണ്ഡിക 68

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ലഭ്യമാക്കുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ

പോർട്ടലിലൂടെ ലഭ്യമാക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വേക്കൻസി റിപ്പോർട്ടിംഗ് സംവിധാനം പൂർണ്ണമായും ഓൺലൈനാക്കണമെന്നും ഒഴിവുകൾ ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റ് വഴി പരിശോധിക്കുന്നതിനുള്ള സൗകര്യം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭിക്കുന്നതിനായി ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ പോർട്ടലിലൂടെ ലഭ്യമാകുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള വേക്കൻസി സംബന്ധമായ ജോലികൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഓൺലൈൻ വേക്കൻസി മോഡ്യൂളിൽ ഉദ്യോഗദായകർക്ക് ഒഴിവുകൾ അറിയിക്കുന്നതിനും ഒഴിവുകൾ ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റ് വഴി പരിശോധിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ശിപാർശ നമ്പർ 27 ഖണ്ഡിക 70

## സ്വയംതൊഴിൽ പദ്ധതി (ശരണ്യ)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽരഹിതരായ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിയ്ക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി 50% സബ്സിഡിയോടു കൂടി പരമാവധി 50,000 (അൻപതിനായിരം) രൂപ വരെ പലിശരഹിത വായ്പ അനുവദിയ്ക്കുന്ന പദ്ധതിയാണ് ശരണ്യ പദ്ധതി. ഭാരിച്ച ജീവിതച്ചെലവ് കാരണം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി അനുവദിച്ചിട്ടുള്ള തുകയായ 50,000 (അൻപതിനായിരം) രൂപ തുലോം കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത തുക 1 ലക്ഷം (ഒരു ലക്ഷം) രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

24-7-2010 -ലെ ജി.ഒ. (പി.) നമ്പർ 81/2010/തൊഴിൽ ഉത്തരവ് പ്രകാരം നിലവിൽ വന്ന 'ശരണ്യ' പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് പരമാവധി 50,000 രൂപ വരെയാണ് സാധാരണ ഗതിയിൽ വായ്പയായി അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് നോക്കി ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ നിലവിൽ വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ, 28-1-2016-ലെ സ.ഉ. (പി) 18/2016/തൊഴിൽ ഉത്തരവ് പ്രകാരം സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടച്ചവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആദ്യ വായ്പ തുകയുടെ 80 ശതമാനത്തിൽ കവിയാത്ത തുക തുടർവായ്പയായും (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശരണ്യ പദ്ധതിയ്ക്കായി നാളിതുവരെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അർഹരായ ഗുണഭോക്താക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ, സബ്സിഡികൾ എന്നീ ഇനങ്ങളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും, തുക സറണ്ടർ ചെയ്യുന്നതിനുള്ള സാഹചര്യം നാളിതുവരെ ഉണ്ടായിട്ടില്ല എന്നും എംപ്ലോയ്മെന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>ശിപാർശ 28 ഖണ്ഡിക 72</u>

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ വികസന കേന്ദ്രങ്ങളാക്കി മാറ്റൽ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2012-2013 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ഒരു ബൃഹത് പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും, തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് കണ്ടെത്തുകയും സോഫ്റ്റ് സ്കില്ലിന്റെ പരിശീലനം ആവശ്യമുള്ളവർക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. ഇപ്രകാരം തൊഴിൽ നൈപുണ്യം കൈവരിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഒരുക്കുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം,

തൊഴിൽ നേടിയവരുടെ എണ്ണം, എന്നിവ വ്യക്തമാക്കുന്ന കണക്ക് (31-12-2017-ലെ കണക്ക്) നൈപുണ്യ വികസന കേന്ദ്രമാക്കി മാറ്റപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സംഘടിപ്പിക്കപ്പെട്ട ജോബ് ഫെയറുകളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ജി)വകുപ്പ്

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭിക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും, ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം സൃഷ്ടിച്ച് കൊടുക്കുന്നുണ്ട്.

ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് തുടങ്ങി സംസ്ഥാനത്തെ പത്ത് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. 31-12-2017 വരെയുള്ള സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| രജിസ്റ്റർ ചെയ്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 117254 |
| അസ്സസ്സ്മെന്റ് നടത്തിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 74943 |
| പരിശീലനം നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 72531 |
| ജോബ് ഓഫറുകളുടെ എണ്ണം | - | 38552 |

എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നടത്തിയ ജോബ് ഡ്രൈവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സംഘടിപ്പിച്ച ജോബ് ഡ്രൈവുകളുടെ എണ്ണം | - | 664 |
| പങ്കെടുത്ത ഉദ്യോഗദായകരുടെ എണ്ണം | - | 3236 |
| പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | - | 143551 |
| പ്ലേസ്മെന്റ് ഓഫറുകളുടെ എണ്ണം | - | 18549 |

## ശിപാർശ നമ്പർ 29 ഖണ്ഡിക 73

## മോഡൽ കരിയർ സെന്റർ

കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ കരിയർ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി ആയതിനുള്ള നടപടികൾ സ്വീകരിക്കുകയും ആദ്യ ഘട്ടമായി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, തിരുവനന്തപുരം മോഡൽ കരിയർ സെന്ററാക്കി മാറ്റുന്നതിനും ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങളും കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡൽ കരിയർ സെന്ററുകളാക്കി മാറ്റുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാശങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

തൊഴിലന്വേഷകരായ മുഴുവൻപേർക്കും സർക്കാർ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയെന്നത് ഒരു സർക്കാരിനും സാധ്യമല്ല. ഈ സാഹചര്യത്തിൽ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ വിഭാവനം ചെയ്തിട്ടുള്ളത്.

തിരുവനന്തപുരം മോഡൽ കരിയർ സെന്റർ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായിട്ടാണ് ആരംഭിച്ചിട്ടുള്ളത്. സ്വകാര്യമേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമായ സമഗ്രമായ കർമ്മപരിപാടി മോഡൽ കരിയർ സെന്റർ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

(1) അഭിരുചി കണ്ടെത്തൽ:

മോഡൽ കരിയർ സെന്റർ ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു. ഇതിനായി Psychometric test, interest test മുതലായവ നടത്തി ഏത് തൊഴിൽ മേഖലയിലാണ് ഓരോ ഉദ്യോഗാർത്ഥികൾക്കും ശോഭിക്കുവാൻ കഴിയുക എന്ന് വിശകലനം ചെയ്ത് നൽകുന്നു. പരിചയ സമ്പന്നരായ രണ്ട് കൗൺസിലേഴ്സിന്റെ മുഴുവൻ സമയ സേവനവും ഇതിനായി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്.

(2) IT സേവനം:

തിരുവനന്തപുരം മോഡൽ കരിയർ സെന്ററിൽ ഒരു കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്നുണ്ട്. ഒരു IT വിദഗ്ദ്ധന്റെ സേവനം ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ലാബിൽ ലഭ്യമായിരിക്കും. ഓൺലൈൻ അപേക്ഷ അയക്കൽ, ബയോഡേറ്റ തയ്യാറാക്കൽ തുടങ്ങിയ IT അനുബന്ധ മേഖലയിലെ സേവനങ്ങൾക്കായി IT വിദഗ്ദ്ധനെ ഉദ്യോഗാർത്ഥികൾക്ക് സമീപിക്കാവുന്നതാണ്.

(3) ഗ്രൂപ്പ് കൗൺസിലിംഗ്:

മോഡൽ കരിയർ സെന്ററിന്റെ സേവനം തേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഗ്രൂപ്പ് കൗൺസിലിംഗ് നൽകുവാനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. Interview Technique, Group Discussion, Communication Skill, Presentation Skill എന്നീ സോഫ്റ്റ് സ്കിൽസ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലനം ഗ്രൂപ്പ് കൗൺസിലിംഗിലൂടെ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്നതാണ്.

(4) വ്യക്തിഗത കൗൺസിലിംഗ്:

മോഡൽ കരിയർ സെന്ററിന്റെ സേവനത്തിനായി സമീപിക്കുന്ന ഓരോ ഉദ്യോഗാർത്ഥിയുടെയും പോരായ്മകൾ പ്രത്യേകം തിരിച്ചറിഞ്ഞു അവർക്കാവശ്യമായ Counselling, Individual Counselling എന്നിവ നൽകുന്നതാണ്.

(5) ഒഴിവുകളുടെ വിപുലമായ ഡേറ്റ ബാങ്ക്:

മോഡൽ കരിയർ സെന്ററിൽ സർക്കാർ, പൊതുമേഖലാ - സ്വകാര്യ മേഖലയിലെ ഒഴിവുകൾ സംബന്ധിച്ച സമഗ്രമായ ഒരു ഡേറ്റ ബാങ്ക് തയ്യാറാക്കുന്നതാണ്. മോഡൽ കരിയർ സെന്റർ സന്ദർശിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ആയത് വീക്ഷിക്കാവുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നതുമാണ്. റിസപ്ഷനിൽ ഒരു LED Display Board സ്ഥാപിച്ച് ഒഴിവുകൾ Scroll ചെയ്ത് കാണിച്ചുകൊണ്ടിരിക്കുന്നതും താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത വിവരം പ്രയോജനപ്പെടുത്താവുന്നതുമാണ്.

(6) <u>വെബ് പോർട്ടൽ:</u>

മോഡൽ കരിയർ സെന്റർ കേന്ദ്ര സർക്കാരിന്റെ നാഷണൽ കരിയർ സർവ്വീസിന്റെ കൂടി ഭാഗമാണ്. കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള www.ncs.gov.in എന്ന വെബ് പോർട്ടൽ മോഡൽ കരിയർ സെന്ററിന്റെ വെബ് പോർട്ടൽ ആയി ഉപയോഗിച്ചുവരുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും, മോഡൽ കരിയർ സെന്ററിന്റെ സേവനം സൗജന്യമായി പ്രയോജനപ്പെടുത്താവുന്നതുമാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ മോഡൽ കരിയർ സെന്റർ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരം യഥാസമയം SMS മുഖേന അറിയിക്കുന്നതാണ്.

(7) <u>ജോബ് ഫെയർ / പ്ലേസ്മെന്റ് ഡ്രൈവ്:</u>

സ്വകാര്യ മേഖലയിലെ ഒഴിവുകളിൽ ഉദ്യോഗാർത്ഥികൾക്ക് അവസരം നൽകുന്നതിനായി സ്വകാര്യ ഉദ്യോഗദായകരുമായി നിരന്തരം ബന്ധം നിലനിർത്തിവരുന്നു. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ /പ്ലേസ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്. ജോബ് ഫെയറുകൾ ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരു പോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടിയാണ് സംഘടിപ്പിക്കുന്നത്.

| | |
|---|---|
| 2017-18 സാമ്പത്തിക വർഷം നടത്തിയ ജോബ് ഫെയറുകളുടെ എണ്ണം | - 12 |
| പങ്കെടുത്ത ഉദ്യോഗദായകരുടെ എണ്ണം | - 93 |
| പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | - 5119 |
| ഒഴിവുകളുടെ എണ്ണം | - 7199 |
| ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം | - 2288 |
| സ്പോട്ട് സെലക്ഷൻ | - 492 |

<u>ശിപാർശ 30 ഖണ്ഡിക 74</u>

കൈവല്യ പദ്ധതി

ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ ഉന്നമനത്തിനായി 2016-2017 സാമ്പത്തിക വർഷം സർക്കാർ 'കൈവല്യ ' പദ്ധതി പ്രഖ്യാപിക്കുകയും സ.ഉ. (പി.) നമ്പർ 174/2016 ധന. ഉത്തരവ് പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംരഭകത്വ അഭിരുചിയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിയ്ക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതിനും അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനും മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. <u>കൈവല്യ പദ്ധതിയുടെ</u>

പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും ലഭിച്ച ഉദ്യോഗാർത്ഥികളുടെ എണ്ണം, തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ലഭിച്ചവർ, മത്സരപ്പരീക്ഷകൾക്കുള്ള പരിശീലനം ലഭിച്ചവർ എന്നിവ സംബന്ധിച്ച കണക്ക് വ്യക്തമാക്കുന്ന വിശദാംശങ്ങളും (31-12-2017 വരെയുള്ളത്) ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ നിർദ്ദേശങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭ്യമാകുന്ന രീതിയിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ അഭിവൃദ്ധിക്കായി 2016-17 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നിലവിൽ ബഡ്ജറ്റ് തുക പൂർണ്ണമായും വിനിയോഗിച്ച് നടപ്പിലാക്കുന്നതുമായ ഒരു പദ്ധതിയാണ് 'കൈവല്യ'. പ്രസ്തുത പദ്ധതിയുടെ 2016-17, 2017-18 സാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയവരുടെ നിർദ്ദേശങ്ങൾ ഭിന്നശേഷിക്കാർക്ക് ലഭ്യമാകുന്ന രീതിയിലാണ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നത്.

അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

ശിപാർശ 31 ഖണ്ഡിക 75

കെസ്റു പദ്ധതി (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ലോയ്മെന്റ്)

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്ക് മുഖാന്തരം പരമാവധി 1,00,000 (ഒരു ലക്ഷം) രൂപ വരെ വ്യക്തിഗത വായ്പ അനുവദിക്കുകയും വായ്പ തുകയുടെ 20% സർക്കാർ സബ്സിഡി അനുവദിക്കുന്നതുമായ സ്വയം തൊഴിൽ പദ്ധതിയാണ് കെസ്റു. കെസ്റു പദ്ധതി പ്രകാരമുള്ള വായ്പ തുക 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത /സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണ് കെസ്റു. പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും ഫലപ്രദമായും

വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കെസ്റ്റ് വായ്പതുക വർദ്ധിപ്പിക്കുന്ന വിഷയത്തിൽ 1-12-2017-ൽ എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ സർക്കാർ LBRD-H1/226/2017-LBRD എന്ന ഫയലിൽ വിശദമായി പരിശോധിച്ചതും സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യമായതിനാൽ 'കെസ്റ്റ്' സ്വയം തൊഴിൽ പദ്ധതി മുഖാന്തരമുള്ള വായ്പതുക ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണിയ്ക്കാൻ നിർവ്വാഹമില്ലെന്നും, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കാമെന്നും 18-7-2018-ലെ കത്ത് മുഖേന എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 32 ഖണ്ഡിക 86</u>

തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി കെട്ടിട നിർമ്മാണത്തിന്റെ ഉദ്ഘാടനം നടത്തപ്പെട്ടുവെങ്കിലും തുടർ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് ഡെപ്പോസിറ്റ് വർക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സമ്മതപത്രം കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ ദക്ഷിണ മേഖലാ വിഭാഗം ഇ.എസ്.ഐ. കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 33 ഖണ്ഡിക 91</u>

ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള ആവാസ് പദ്ധതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ പ്രക്രിയ അടിയന്തരമായി പൂർത്തിയാക്കുവാനും ഇതര സംസ്ഥാന തൊഴിലാളികളെ മുഴുവൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് തൊഴിൽ, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകളിൽ ഹെൽപ്പ് ഡസ്ക് ആരംഭിക്കണമെന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളുടെ ജീവിത പുരോഗതി ലക്ഷ്യം വച്ചുള്ള പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ അവർ തന്നെയായിരിയ്ക്കണമെന്ന കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിലിടങ്ങളിൽ പരിശോധന നടത്തി പ്രസ്തുത തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായശേഷവും രജിസ്ട്രേഷൻ

ഇല്ലാത്ത തൊഴിലാളികൾ പണിയെടുക്കുന്നതായി കണ്ടെത്തിയാൽ നിയമ നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത തൊഴിലാളികളെ ഉപയോഗിച്ച് ജോലി ചെയ്യിക്കുന്ന കോൺട്രാക്ടർമാരുടെ ലൈസൻസ് റദ്ദ് ചെയ്യണമെന്നും 1979 -ലെ അന്തർ സംസ്ഥാന തൊഴിലാളി നിയമപ്രകാരം കോൺട്രാക്ടർമാർക്കെതിരെയും തൊഴിലുടമകൾക്കെതിരെയും നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ നേതൃത്വത്തിൽ തൊഴിൽ, ആഭ്യന്തര, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികളുടെ പുരോഗതിയും രജിസ്ട്രേഷൻ ഇല്ലാത്ത ഇതര സംസ്ഥാന തൊഴിലാളികൾക്കെതിരെയും പ്രസ്തുത തൊഴിലാളികളെ തൊഴിലിന് നിയോഗിക്കുന്ന കോൺട്രാക്ടർമാർക്കെതിരെയും തൊഴിലുടമകൾക്കെതിരെയും സ്വീകരിക്കുന്ന നടപടികളും നിരീക്ഷിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ഇ)വകുപ്പ്

ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി 2017 നവംബർ 1 മുതൽ ആരംഭിച്ച ആവാസ് പദ്ധതിയിൽ 28-12-2018 വരെ 3,48,407 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്കാറ്റേർഡായി പല മേഖലകളിലും ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെ കണ്ടെത്തി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ നടന്നുവരുന്നു. ആവാസ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനും ഏകോപനത്തിനുമായി എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ് I എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (12-5-2017-ലെ സ.ഉ. (സാധാ.) നമ്പർ 625/17/തൊഴിൽ) ജില്ലാ ലേബർ ആഫീസർ (ഇ)യുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലം, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുകയും, കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് തൊഴിലുടമയ്ക്കെതിരെ നടപടി സ്വീകരിച്ചും വരുന്നുണ്ട്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ആവാസ് പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനും, സമിതി ശിപാർശയ്ക്കനുസൃതമായി ആറിലധികം ഇതര സംസ്ഥാന തൊഴിലാളികളുള്ള എല്ലാ താലൂക്കുകളിലും താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ)വകുപ്പ്

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആവാസ് പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആവാസ് പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം നടത്തുകയും പ്രസ്തുത യോഗത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ്, ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി (റൂറൽ) ന് വേണ്ടി സബ് ഇൻസ്പെക്ടർ എന്നിവർ പങ്കെടുത്തിരുന്നതായും കൂടാതെ ടി ജില്ലയിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടി എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളിലും പ്രാദേശിക ഘടകങ്ങളുടെ കൂടി സഹകരണത്തോടെ സംഘടിപ്പിക്കുകയും ചെയ്തിട്ടുള്ളതായും ആകെ ആവാസ് രജിസ്ട്രേഷൻ 61551 കഴിഞ്ഞിട്ടുണ്ടെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ ആവാസ് രജിസ്ട്രേഷൻ നടന്നു വരുന്നതായും ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ആവാസിന്റെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാതല യോഗം കൂടുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തീയതി നിശ്ചയിച്ചുകിട്ടുന്ന പ്രകാരം അടിയന്തരമായി തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും പത്തനംതിട്ട ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ ആവാസ് പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ ഒരു യോഗം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 19-2-2018-ന് ചേരുകയും ടി യോഗത്തിൽ കമ്മിറ്റി കൺവീനറായ ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്), അംഗങ്ങളായ ജില്ലാ മെഡിക്കൽ ഓഫീസർ ആലപ്പുഴ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ, ജില്ലാ പോലീസ് മേധാവി ആലപ്പുഴ, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ ആലപ്പുഴ എന്നിവർ പങ്കെടുക്കുകയും ടി യോഗത്തിൽ ആവാസ് പദ്ധതിയുടെ വിജയത്തിനായി എല്ലാ

വകുപ്പുകളുടെയും സഹകരണം ഉണ്ടാകണമെന്നും, മൊബൈൽ ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതായും തുടർന്ന് ടി പദ്ധതിയിൽ പരമാവധി ഇതര സംസ്ഥാന തൊഴിലാളികളെ ചേർക്കുന്നതിനും നാളിതുവരെ 37000 ആവാസ് കാർഡുകൾ നൽകുവാനും സാധിച്ചിട്ടുണ്ടെന്നും ആലപ്പുഴ ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിൽ ആവാസ് പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2017-ലും, 2018-ലും യോഗം കൂടിയിട്ടുള്ളതും, പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ വിലയിരുത്തിയിട്ടുള്ളതുമാണ്. മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച യോഗം ഉടൻ തന്നെ കൂടുന്നതിന് ജില്ലാ കളക്ടർക്ക് കത്ത് നൽകുന്നതാണ് എന്നും താലൂക്ക് തലത്തിൽ തഹസീൽദാർ ചെയർമാനായും, അസിസ്റ്റന്റ് ലേബർ ഓഫീസർ കൺവീനറായും, മുൻസിപ്പൽ സെക്രട്ടറി/പഞ്ചായത്ത് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുവാൻ എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ ലേബർ ഓഫീസർ കോട്ടയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആവാസ് പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 29-6-2017 തീയതിയിൽ എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, പോലീസ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രഥമയോഗം നടത്തിയിട്ടുള്ളതാണ്. ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ ഉൾപ്പെടുത്തി ആവാസ് കാർഡ് വിതരണം, മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം എന്നിവ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വച്ച് നടത്തിയിട്ടുള്ളതാണ്. ഇതര സംസ്ഥാന തൊഴിലാളികളുള്ള എല്ലാ താലൂക്കിലും താലൂക്ക് തല സമിതി രൂപീകരിക്കുന്നതിന് എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖാന്തരം മെഡിക്കൽ ക്യാമ്പ്, ബോധവൽക്കരണം, ആവാസ് എൻറോൾമെന്റ് എന്നിവ നടപ്പിലാക്കി വരുന്നുണ്ടെന്ന് ജില്ലാ ലേബർ ഓഫീസർ എറണാകുളം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ ലേബർ ഓഫീസർ കൺവീനറായും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ അംഗങ്ങളായും ജില്ലാതല ആവാസ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. 29-5-2017-ൽ ബഹു. പീരുമേട് എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ റിലീഫ് കമ്മിറ്റി

മീറ്റിംഗിനോടനുബന്ധിച്ച് നടന്ന യോഗത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയവർ പങ്കെടുക്കുകയും ടി യോഗത്തിൽ ജില്ലാ ലേബർ ഓഫീസർ ആവാസ് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 13-6-2017 തീയതിയിൽ കൂടിയ പകർച്ചവ്യാധി നിയന്ത്രണ ടാസ്ക് ഫോഴ്സിന്റെ മീറ്റിംഗിൽ ജില്ലാ ലേബർ ഓഫീസർ പങ്കെടുക്കുകയും ആവാസ് പദ്ധതിയുടെ വിവരങ്ങൾ അവതരിപ്പിക്കുകയും വിവിധ വകുപ്പുകളുടെ പിന്തുണയും സഹകരണവും അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. ആവാസ് പദ്ധതിയുടെ പ്രാധാന്യവും ആവശ്യകതയും വിശദീകരിക്കുന്നതിനും തൊഴിലാളികളുടെ വിവരശേഖരണം ഉറപ്പുവരുത്തുന്നതിനുമായി ജില്ലാ ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും തൊഴിലുടമകളുടെയും യോഗം 22-6-2017-ന് ദേവികുളം താലൂക്കിൽ വച്ചും, 10-5-2017, 30-6-2017 എന്നീ തീയതികളിൽ തൊടുപുഴ താലൂക്കിൽ വച്ചും നടത്തിയിട്ടുള്ളതാണ്. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 5-10-2017-ന് നടന്ന പ്ലാൻ റിവ്യൂ മീറ്റിംഗിൽ ജില്ലാ ലേബർ ഓഫീസർ പങ്കെടുക്കുകയും ആവാസ് പദ്ധതിയെപ്പറ്റി വിശദീകരിക്കുകയും വിവിധ വകുപ്പുകളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുള്ളതാണ്. ആവാസ് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ 2020 ഫെബ്രുവരി 14-ാം തീയതി ജില്ലാ കളക്ടറുടെ അഭാവത്തിൽ ഇടുക്കി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ ചേമ്പറിൽ വച്ച് കൂടിയിട്ടുണ്ട്. കൂടാതെ താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റികൾ ഉടനെ തന്നെ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് ജില്ലാ ലേബർ ഓഫീസർ ഇടുക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ 23-5-2017-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ആവാസ് പദ്ധതി സംബന്ധിച്ച് ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും, ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിക്കുകയും ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ജില്ലാ വിദ്യാഭ്യാസ ഓഫീസറെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 26-5-2017-ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് വിളിച്ചു ചേർത്ത പഞ്ചായത്ത് സെക്രട്ടറിമാരുടെ യോഗത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) പങ്കെടുക്കുകയും ആവാസ് പദ്ധതി യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. 27-5-2017-ന് ജില്ലാ വികസന കമ്മിറ്റി യോഗത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) പങ്കെടുക്കുകയും ആവാസ് പദ്ധതി സംബന്ധിച്ച വിവരണം നൽകുകയും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. ജില്ലാ ഭരണകൂടം കൊറോണ വൈറസിനെതിരെ വ്യാപകമായ പ്രതിരോധ ജാഗ്രത പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ഈ സമയത്ത് ജില്ലാ ലേബർ

ഓഫീസിന്റെ സേവനം ആവശ്യപ്പെട്ടിരിക്കുന്നതിനാലും ആവാസിന്റെ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങൾ നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. മേൽ സാഹചര്യത്തിൽ ആവാസ് മോണിറ്ററിംഗ് കമ്മിറ്റി സംബന്ധിച്ച ഇടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാവകാശം അനുവദിക്കണമെന്ന് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി 1-7-2017-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ അധികം വസിക്കുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുള്ളതും ജില്ലാതല / താലൂക്ക്തല മോണിറ്ററിംഗ് കമ്മിറ്റിയിലെ അംഗവുമായ ആരോഗ്യ വകുപ്പുമായി ചേർന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുൻമാസങ്ങളിൽ പരിശോധന നടത്തുകയും കൂടാതെ ആവാസ് എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2019 ഡിസംബർ, 2020 ജനുവരി മാസങ്ങളിൽ ജില്ലാ കളക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും അസൗകര്യങ്ങൾ മൂലം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അവലോകന യോഗം ചേരുന്നതിന് തീയതി അനുവദിച്ചു തന്നിട്ടില്ല എന്നും പാലക്കാട് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് മേധാവി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് എന്നിവർ അംഗങ്ങളായും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതായും താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റികൾ എത്രയും പെട്ടെന്ന് രൂപീകരിക്കുന്നതാണെന്നും മലപ്പുറം ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള ആവാസ് ഇൻഷുറൻസ് പദ്ധതിയുടെ താലൂക്ക്തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കണ്ണൂർ ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല കോർ കമ്മിറ്റി രൂപീകരിച്ച് യോഗം വിളിച്ചുചേർക്കുകയും, തൊഴിലാളികളുടെ എൻറോൾമെന്റിന് വിവിധ വകുപ്പുകളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയുണ്ടായി. ടി യോഗത്തിൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പങ്കെടുക്കുകയുണ്ടായി. താലൂക്ക് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് അതാത് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കോഴിക്കോട് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

൨൧൪|൨൧.

കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റി 27-7-2017 തീയതി യോഗം ചേർന്നതായും ടി യോഗത്തിന് മുന്നോടിയായി ട്രേഡ് യൂണിയൻ നേതാക്കൾ, കോൺട്രാക്ടർമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും 23-11-2018 തീയതി ബഹു. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം പോലീസ്, ആരോഗ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ വകുപ്പുകൾക്ക് പദ്ധതിയുമായി സഹകരിക്കുന്നതിന് വിശദമായ കത്ത് നൽകിയതായും കൂടാതെ ജില്ലയിലെ നാല് താലൂക്കുകളിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും കാസർഗോഡ് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയനാട് ജില്ലയിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗം 31-8-2017 തീയതി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്നതായും മോണിറ്ററിംഗ് കമ്മിറ്റിയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ജില്ലയിലെ പോലീസ് വകുപ്പുമായും, ജനപ്രതിനിധികൾ, വിവിധ ഗ്രാമ പഞ്ചായത്ത്, വാർഡ് മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി, കുടുംബശ്രീ പ്രവർത്തകർ എന്നിവരുമായി ബന്ധപ്പെട്ട് ജില്ലയിലെ ആവാസ് പ്രവർത്തനം ഊർജ്ജിതപ്പെടുത്തി വ്യാപാരി വ്യവസായി പ്രതിനിധികളുടെയും കോൺട്രാക്ടർമാരുടെയും വിവിധ തൊഴിലുടമകളുടെയും യോഗം വിളിച്ച് ചേർത്ത് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തതായും എല്ലാ താലൂക്കുകളിലും താലൂക്ക് തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായും വയനാട് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാനത്ത് 2018-19, 2020 വർഷങ്ങളിൽ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| നമ്പർ | ജില്ല | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 61551 |
| 2 | കൊല്ലം | 24849 |
| 3 | പത്തനംതിട്ട | 24059 |
| 4 | ആലപ്പുഴ | 36926 |
| 5 | ഇടുക്കി | 19551 |

| 1 | 2 | 3 |
|---|---|---|
| 6 | കോട്ടയം | 32908 |
| 7 | എറണാകുളം | 112567 |
| 8 | തൃശ്ശൂർ | 41900 |
| 9 | പാലക്കാട് | 24694 |
| 10 | മലപ്പുറം | 29856 |
| 11 | കോഴിക്കോട് | 44363 |
| 12 | വയനാട് | 11558 |
| 13 | കണ്ണൂർ | 28723 |
| 14 | കാസർഗോഡ് | 15858 |
| ആകെ | | 5,09,363 |

<u>ശിപാർശ നമ്പർ 34 ഖണ്ഡിക 92</u>

ഇതര സംസ്ഥാന തൊഴിലാളികളിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്നവർ ഉള്ളതായി സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലർ കൊലപാതകമടക്കമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുകയും തുടർന്ന് സ്വദേശത്തേയ്ക്ക് മടങ്ങുകയും ചെയ്യുകയും തുടർന്ന് അന്വേഷണം നടത്തുമ്പോൾ വ്യക്തിഗത വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ പോലീസിന് കുറ്റവാളികളെ പിടികൂടാൻ കഴിയാത്ത അവസ്ഥയുമാണ് നിലവിലുള്ളത്. ആയതിനാൽ ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ ശിപാർശ ചെയ്ത സർവ്വേ സമഗ്രമായി നടത്തണമെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ അടക്കമുള്ള വിവരങ്ങൾ പരിപൂർണ്ണമായി ഉൾക്കൊള്ളുന്ന ബയോമെട്രിക് അധിഷ്ഠിത ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുകയും വിവിധ സർക്കാർ വകുപ്പുകൾക്കു ലഭ്യമാക്കുകയും ചെയ്യണമെന്നും പ്രസ്തുത ഡാറ്റാബേസ് പുതുതായി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി നിരന്തരം പരിഷ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ആവാസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോ അടക്കമുള്ള ബയോമെട്രിക് അധിഷ്ഠിത രജിസ്ട്രേഷൻ കാർഡാണ് നൽകി വരുന്നത്. തൊഴിലാളിയുടെ ഐഡന്റിറ്റി കാർഡ് വിവരങ്ങൾ, വിരലടയാളം, ഐറിസ് സ്കാൻ, സംസ്ഥാനം സംബന്ധിച്ച

വിവരങ്ങൾ എന്നിവ രജിസ്ട്രേഷൻ സമയത്ത് ശേഖരിക്കുന്നുണ്ട്. പ്രസ്തുത വിവരങ്ങൾ (ഡാറ്റാബേസ്) മറ്റ് വകുപ്പുകൾക്ക് അഭ്യർത്ഥനയ്ക്കനുസരിച്ച് കൈമാറാൻ സാധിക്കുന്നവയാണ്. സ്റ്റാറ്റേർഡായി പല മേഖലകളിലും ജോലി ചെയ്യുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ നടന്നുവരുന്നു. കൂടാതെ പുതുതായി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

<u>ശിപാർശ നമ്പർ 35 ഖണ്ഡിക 94</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനായി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 18 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായമുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പദ്ധതി പ്രകാരം ചികിത്സാ സഹായം 25,000 (ഇരുപത്തയ്യായിരം രൂപ), ടെർമിനൽ ബെനിഫിറ്റ് 10,000 (പതിനായിരം രൂപ) മുതൽ 25,000 (ഇരുപത്തയ്യായിരം രൂപ) വരെ വിദ്യാഭ്യാസ ആനുകൂല്യം 1,000 (ആയിരം രൂപ) മുതൽ 3,000 (മൂവായിരം രൂപ) വരെ, അപകടമരണ സഹായം 50,000 (അൻപതിനായിരം രൂപ), ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം 5,000 (അയ്യായിരം രൂപ) മുതൽ 15,000 (പതിനയ്യായിരം രൂപ) വരെ, പ്രസവ ധനസഹായം 15,000 (പതിനയ്യായിരം രൂപ) തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നു. ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം വളരെ കുറവാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെപ്പറ്റി വ്യാപകമായ പ്രചരണം നൽകണമെന്നും ആവാസ് പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് കൂടുതൽപേരെ പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

പദ്ധതി ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിനും അതുവഴി കൂടുതൽ പേരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനുമായി 2010-ലെ കേരള കുടിയേറ്റ ക്ഷേമ പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മരണാനന്തര ആനുകൂല്യം 25,000 രൂപയായും അപകടമരണമാണെങ്കിൽ 2,00,000 രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അപകടത്തെ തുടർന്ന് ഇൻപേഷ്യന്റായോ സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ച സ്വകാര്യ സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തുന്ന തൊഴിലാളിക്ക് നൽകുന്ന സഹായം (പരമാവധി 20,000 രൂപ)

ടെർമിനൽ ബെനിഫിറ്റ് (50,000 രൂപ) ഭൗതിക ശരീരം എംബാം ചെയ്ത് സ്വദേശത്ത് എത്തിക്കുന്നതിന് ചെലവ് (യഥാർത്ഥത്തിൽ ചെലവായ തുകയോ അല്ലെങ്കിൽ പരമാവധി 50,000 രൂപയോ ഏതാണോ കുറവ്) എന്നിവയിലും ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെ 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയെപ്പറ്റി ബോധവാൻമാരാക്കുകയും പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികളും വകുപ്പ് തലത്തിൽ നടന്നുവരുന്നു.

<u>ശിപാർശ നമ്പർ 36 ഖണ്ഡിക 95</u>

സംസ്ഥാനത്തു നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല മാരക രോഗങ്ങളും ഇതര സംസ്ഥാന തൊഴിലാളികളിലൂടെ തിരിച്ചെത്തുന്നതായി കാണപ്പെടുന്നു. ബീഹാറിലും, ഝാർഖണ്ഡിലും വ്യാപകമായി കണ്ടുവരുന്നതും കേരളത്തിൽ കരിമ്പനി എന്നറിയപ്പെടുന്നതുമായ തൊലിപ്പുറത്തുവരുന്ന കാലാഅസർ എന്ന രോഗം ഇതര സംസ്ഥാന തൊഴിലാളികളിലൂടെ സംസ്ഥാനത്ത് വ്യാപകമാവുകയാണ്. മലേറിയ രോഗം സംസ്ഥാനത്ത് നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടതാണെങ്കിലും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടുകൂടി വ്യാപകമായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ ഭൂരിഭാഗം പേരും ലഹരി പദാർത്ഥങ്ങൾ അമിതമായി ഉപയോഗിക്കുന്നവരും ശുചിത്വക്കുറവുമൂലമുള്ള ചർമ്മ രോഗബാധിതരുമാണ്. പ്ലൈവുഡ്, ഫർണിച്ചർ, റൈസ് മിൽ തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ രോഗങ്ങൾ അധികമായി കണ്ടുവരുന്നു. ആയതിനാൽ പ്രസ്തുത മേഖലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെപ്പറ്റിയും അവരുടെ രോഗ വിവരങ്ങളെപ്പറ്റിയുമുള്ള വിശദാംശങ്ങൾ ശേഖരിക്കുകയും രോഗപ്രതിരോധത്തിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.)1717/2015/തൊഴിൽ തീയതി 17-12-2015) രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ പരിശോധനയിൽ ടി തൊഴിലാളികൾ പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള സാഹചര്യങ്ങൾ നന്നേ കുറവായ പരിമിതമായ താമസസൗകര്യങ്ങളിൽ ജീവിക്കുന്നതായും ഈ വൃത്തിഹീനമായ സാഹചര്യത്തിൽ ഇവർക്ക് പല പകർച്ച വ്യാധികളും പടരുന്നതായി ടാസ്ക് ഫോഴ്സിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2018-19 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും ലേബർ ക്യാമ്പുകൾ നടത്തി വരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടന്നുവരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാര വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടപടികൾ നടന്നു വരുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 37 ഖണ്ഡിക 96</u>

ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകളിൽ തൊഴിൽ വകുപ്പ് മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും നിരവധി പേർക്ക് കുഷ്ഠരോഗം ഉള്ളതായി കണ്ടെത്തുകയും ചെയ്തുവെങ്കിലും രോഗബാധ കണ്ടെത്തിയതിനെത്തുടർന്ന് രോഗബാധിതർ മേഖലയിൽ നിന്നും മാറിപ്പോവുകയോ നാട്ടിലേയ്ക്ക് മടങ്ങുകയോ ചെയ്യുന്നതിനാൽ തുടർ ചികിത്സ അസാദ്ധ്യമാകുന്ന അവസ്ഥയാണുള്ളത്. ബാർബർഷോപ്പ്, ഹോട്ടൽ തുടങ്ങിയ എല്ലാ മേഖലകളിലും ഇത്തരത്തിലുള്ളവർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ രോഗങ്ങൾ കണ്ടെത്തിയാലും ഇവർ പ്രത്യേക ചികിത്സയ്ക്ക് വിധേയമാകാറില്ല. ഇതിനുപുറമേ എച്ച്.ഐ.വി. സംക്രമണ ഭീഷണിയും ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ബാർബർ ഷോപ്പ്, ഹോട്ടൽ തുടങ്ങിയ മേഖലകളിൽ പരിശോധന നടത്തി രോഗസംക്രമണം തടയുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്),

ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.) 1717/2015/തൊഴിൽ തീയതി 17-12-2015) രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ പരിശോധനയിൽ ടി തൊഴിലാളികൾ പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള സാഹചര്യങ്ങൾ നന്നേ കുറവായ പരിമിതമായ താമസ സൗകര്യങ്ങളിൽ ജീവിക്കുന്നതായും ഈ വൃത്തിഹീനമായ സാഹചര്യത്തിൽ ഇവർക്ക് പല പകർച്ച വ്യാധികളും പടരുന്നതായി ടാസ്ക് ഫോഴ്സിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2018-19 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും ലേബർ ക്യാമ്പുകൾ നടത്തി വരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്ക്കരണം നടന്നുവരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാര വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടപടികൾ നടന്നുവരുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശിപാർശ നമ്പർ 38 ഖണ്ഡിക 97</u>

ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ഭാരതത്തിനാകെ മാതൃകയും വികസിത രാജ്യങ്ങളുടെ നിലവാരത്തിന് തുല്യവുമാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ നിലവാരത്തിൽ ശ്രദ്ധ പുലർത്തിയാൽ മാത്രമേ സംസ്ഥാനത്തിന്റെ ആരോഗ്യ രംഗത്തെ മേന്മ നിലനിർത്താൻ കഴിയുകയുള്ളൂ. ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ നിലനിർത്തുവാൻ ഇതര സംസ്ഥാന തൊഴിലാളികളിലെ രോഗങ്ങൾ യഥാസമയം ചികിത്സിച്ച് ഭേദമാക്കേണ്ടതുണ്ട്. ആരോഗ്യ വകുപ്പ് സൗജന്യമായി മരുന്നുകൾ നൽകുന്നുണ്ടെങ്കിലും തൊഴിലാളികൾ ജോലിസ്ഥലം മാറിക്കൊണ്ടിരിക്കുന്നതിനാൽ ചികിത്സ പൂർത്തീകരിക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നു. ആയതിനാൽ സംസ്ഥാനത്തെ ജനങ്ങളെ പകർച്ചവ്യാധികളിൽ നിന്നും സംരക്ഷിക്കുന്നതിനും രോഗബാധിതരായ ഇതര സംസ്ഥാന തൊഴിലാളികളെ യഥാസമയം കണ്ടെത്തി ചികിത്സിക്കുന്നതിനുമായി അവർ

തിങ്ങിപ്പാർക്കുന്ന കോളനികളും അവർ ജോലി ചെയ്യുന്ന സ്ഥലങ്ങളും കേന്ദ്രീകരിച്ച് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഹെൽത്തി കേരള പ്രോഗ്രാം സജീവമായി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന നിർബന്ധമാക്കണമെന്നും സാംക്രമിക രോഗങ്ങൾ ഇല്ലെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ) ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് (സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർറ്റി.)1717/2015/തൊഴിൽ തീയതി 17-12-2015) രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ പരിശോധനയിൽ ടി തൊഴിലാളികൾ പ്രാഥമിക കൃത്യനിർവ്വഹണത്തിനുള്ള സാഹചര്യങ്ങൾ നന്നേകുറവായ പരിമിതമായ താമസസൗകര്യങ്ങളിൽ ജീവിക്കുന്നതായും ഈ വൃത്തിഹീനമായ സാഹചര്യത്തിൽ ഇവർക്ക് പല പകർച്ച വ്യാധികളും പടരുന്നതായി ടാസ്ക് ഫോഴ്സിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2018-19 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും ലേബർ ക്യാമ്പുകൾ നടത്തി വരികയും ചെയ്യുന്നു. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്ക്കരണം നടന്നുവരുന്നു. ആരോഗ്യവകുപ്പുമായി സഹകരിച്ച് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവത്ക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാര വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് നടപടികൾ നടന്നുവരുന്നു.

ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 3-8-2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ 36 (ഖണ്ഡിക 95), ശിപാർശ 37 (ഖണ്ഡിക 96), ശിപാർശ 38 (ഖണ്ഡിക 97) എന്നിവയിന്മേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളിൽ നിന്നും മറുപടി ലഭിക്കാനുണ്ട്.

<u>ശിപാർശ നമ്പർ 39 ഖണ്ഡിക 98</u>

താമസ സൗകര്യവുമായി ബന്ധപ്പെട്ട് ഇതര സംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസിക്കുവാൻ മുറികൾ നൽകുന്നതിൽ തദ്ദേശവാസികൾ വിമുഖരാണ്. ഇതര സംസ്ഥാന തൊഴിലാളികളെ ജോലിക്കു നിർത്തുന്ന കമ്പനികളിൽ ചിലതു മാത്രമാണ് സ്വന്തമായി താമസസൗകര്യം ഏർപ്പെടുത്തി നൽകാറുള്ളത്. അല്ലാത്ത കമ്പനികളിലെ തൊഴിലാളികൾ സ്വന്തം നിലയ്ക്ക് താമസസൗകര്യം കണ്ടെത്തി താമസിക്കുകയാണ് ചെയ്യുന്നത്. അവർ വലിയതോതിലുള്ള ചൂഷണത്തിന് വിധേയരാകുന്നു. നൽകുന്ന വാടകയ്ക്ക് അനുസൃതമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല. ചെറിയ മുറികളിൽ കൂടുതൽ പേർ താമസിക്കുകയും ഒരേ ടോയ്ലറ്റ് നിരവധി പേർ ഉപയോഗിക്കുകയും ചെയ്യുന്നതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നുണ്ട്. വ്യക്തിശുചിത്വത്തിന്റെ കാര്യത്തിൽ ഇവർ പുലർത്തുന്ന അലംഭാവവും ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നു. പൊതുവിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ മാലിന്യപൂരിതമാണ്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ലേബർ ക്യാമ്പുകളും അവർ തിങ്ങിപ്പാർക്കുന്ന മേഖലകളിലെ കോളനികളും കേന്ദ്രീകരിച്ച് വീടുകളിലെ ശുചിത്വ സംവിധാനങ്ങളെപ്പറ്റി ബോധവത്ക്കരണവും നിരന്തര പരിശോധനയും നടത്തി ശുചിത്വവും ആരോഗ്യപൂർണ്ണമായ ചുറ്റുപാടുകളും ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് പദ്ധതികളിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 620 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ) ഫാക്ടറീസ് & ബോയിലേഴ്സ്

ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക് ഫോഴ്സ് (സർക്കാർ ഉത്തരവ് നമ്പർ. ജി.ഒ. (ആർറ്റി.)1717/2015/തൊഴിൽ തീയതി 17-12-2015) രൂപീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത-ശുചിത്വ നിലവാരം പരിതാപകരമെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ആയത് മെച്ചപ്പെടുത്തുന്നത് ഉറപ്പു വരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (3-8-2016-ലെ സ.ഉ.(സാധാ.) നമ്പർ 960/16/തൊഴിൽ).

<u>ശിപാർശ നമ്പർ 42 ഖണ്ഡിക 101</u>

ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി സൗകര്യങ്ങൾ ഒരുക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി എല്ലാ ജില്ലകളിലും മൈഗ്രന്റ് റിസോഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u>

ഇതര സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ നൽകുവാൻ ഫെസിലിറ്റേഷൻ സെന്ററുകൾ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുവാനുള്ള നടപടികൾ നടന്നുവരുന്നു.

<u>ശിപാർശ നമ്പർ 43 ഖണ്ഡിക 102</u>

അന്യസംസ്ഥാന തൊഴിലാളികൾ എന്ന പ്രയോഗം അനുചിതമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 'അന്യസംസ്ഥാന തൊഴിലാളികൾ' എന്നതിനു പകരം 'ഇതര സംസ്ഥാന തൊഴിലാളികൾ' എന്ന പദം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളെ വിശേഷിപ്പിക്കുന്നതിനായി ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

'അന്യസംസ്ഥാന തൊഴിലാളികൾ' എന്നതിനു പകരം 'ഇതര സംസ്ഥാന തൊഴിലാളികൾ' എന്ന പദമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികളെ വിശേഷിപ്പിക്കുന്നതിനായി നിലവിൽ ഉപയോഗിച്ചുവരുന്നത്.

ശിപാർശ നമ്പർ 44 ഖണ്ഡിക 103

സംസ്ഥാനത്തെ തൊഴിലാളി സമൂഹത്തിനാകെ അവമതിപ്പുണ്ടാക്കുന്ന ഒരു സാമൂഹ്യ വിപത്താണ് നോക്കുകൂലി സമ്പ്രദായം. നോക്കുകൂലി വാങ്ങുന്നതു സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായോ അനർഹമായോ തുക വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് വാങ്ങിയ തൊഴിലാളികളിൽ നിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങിക്കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തു നിന്നും ഗുരുതരമായി ക്രമക്കേടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതായ പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നു. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും നോക്കുകൂലി വിമുക്ത ജില്ലകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

30-4-2018 തീയതിയിലെ സ.ഉ.(സാധാ.)511/2018/തൊഴിൽ പ്രകാരം 1-5-2018 മുതൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നോക്കുകൂലി നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

(അനുബന്ധം II ആയി ചേർത്തിരിക്കുന്നു)

ശിപാർശ നമ്പർ 47 ഖണ്ഡിക 107

ബാലവേല (നിയന്ത്രണവും നിരോധനവും) നിയമം-1986 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹു. സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. അന്താരാഷ്ട്ര ബാലവേല വിരുദ്ധദിനമായ ജൂൺ 12-ന് സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ കുട്ടികളെ സംഘടിപ്പിച്ചുള്ള സെമിനാർ, ശില്പശാലകൾ, ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തിവരുന്നു. അതത് ജില്ലകളിലെ കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ഓഫീസർ (ഇ) നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും

ജില്ലാതല ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ സംയുക്ത പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റിന്റെ ഇടപെടലുകളും വഴി പ്രസ്തുത നിയമം ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും സമഗ്ര സംവിധാനം ഒരുക്കണമെന്നും സംസ്ഥാനത്തെ ബാലവേല വിമുക്തമായി പ്രഖ്യാപിച്ച് രാജ്യത്തിനാകെ മാതൃക സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

1996-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2) മാരെയും ജില്ലാ ലേബർ ഓഫീസർ (ഇ) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (ഇ) മാരെ കൺവീനർമാരായും രൂപീകരിച്ച് ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ, നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും വിവിധ വകുപ്പുകളെയും, സന്നദ്ധ സംഘടനകളെയും, സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും രൂപീകരിച്ച ജില്ലാതല ടാസ്ക്ഫോഴ്സ്, സന്നദ്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ കൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010 മുതൽ 2017 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17520 കേസുകൾ പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2018 ജൂൺ വരെ സംസ്ഥാനത്ത് 356 പരിശോധനകൾ നടത്തുകയും 4 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ബാലവേല സംബന്ധിച്ച് ഇപ്പോഴും തുടർപരിശോധനകൾ നടത്തി വരുന്നു. കേസുകളുടെ എണ്ണം പൂർണ്ണമായി ഇല്ലാതാകുന്നതോടുകൂടി സംസ്ഥാനത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ കഴിയും.

സമിതി ആവശ്യപ്പെട്ട അധികവിവരം

ബാലവേല (നിയന്ത്രണവും നിരോധനവും) നിയമം 1986 പ്രകാരം എറണാകുളം ജില്ലയിൽ രൂപീകരിച്ച ജില്ലാതല ടാസ്ക്‌ഫോഴ്സിന്റെയും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും ലഭ്യമാക്കുവാൻ നിർദ്ദേശിച്ചു.

അധികവിവരത്തിന്മേലുള്ള മറുപടി

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ബാലവേല (നിയന്ത്രണവും നിരോധനവും)നിയമം 1986 പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാതല ടാസ്ക് ഫോഴ്സ്, ചൈൽഡ് ലൈഫ് റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലയിൽ ബാലവേല തടയുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തി വരുന്നതായും ജില്ലാ ശിശു സംരക്ഷണ യൂണിറ്റുമായി ചേർന്ന് വ്യാപാര കേന്ദ്രങ്ങളിൽ പരിശോധന നടത്തുന്നതായും എല്ലാ തൊഴിലുടമകളോടും തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുമ്പോൾ ജനന തീയതി തെളിയിക്കുന്ന കൃത്യമായ രേഖ പരിശോധിച്ച് മാത്രമേ തൊഴിലിൽ പ്രവേശിപ്പിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയതായി എറണാകുളം ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019 ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ഫ്ലാഷ് മോബ്, തെരുവ് നാടകം, ലഘുലേഖകൾ വിതരണം ചെയ്യൽ, സിഗ്നേച്ചർ ക്യാമ്പെയിൻ എന്നിവ നടത്തുകയും 2019 ഡിസംബർ മാസത്തിൽ 21, 23 തീയതികളിൽ എറണാകുളം ബ്രോഡ്‌വേ, മാർക്കറ്റ് റോഡ് തുടങ്ങിയ സ്ഥലങ്ങളിൽ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ശരണബാല്യം പദ്ധതി പ്രകാരം പ്രത്യേക പരിശോധന നടത്തുകയും ചെയ്തതായി എറണാകുളം ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ലേബർ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ശിപാർശ നമ്പർ 49 ഖണ്ഡിക 109

അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 1948-ലെ മിനിമം വേതന നിയമം, 1936-ലെ പേയ്മെന്റ് ഓഫ് വേജസ് നിയമം എന്നിവയിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിൽ മിനിമം വേതനം ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിനും വേതന വിതരണം സുതാര്യമാക്കുന്നതിനും തൊഴിൽ വകുപ്പ് വേതനാ സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി തൊഴിലാളികൾക്ക് അവരുടെ വേതനം ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതോടൊപ്പം വേജ് സ്ലിപ്പും ഓൺലൈനായി ലഭ്യമാക്കുന്നു. ടി ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് പരിശോധിക്കുന്നതിനും ടി പദ്ധതി വഴി സാധിക്കുന്നു. സ്ഥാപന പരിശോധനകളിലും ജീവനക്കാർക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നുണ്ട്. മിനിമം വേതനം ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വേതന സുരക്ഷാ പദ്ധതി വിശദമായി വിലയിരുത്തുകയും വകുപ്പിന് ആവശ്യമായ രീതിയിലുള്ള ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. വേതന സുരക്ഷാ പദ്ധതി പോലെയുള്ള ലേബർ കമ്മീഷണറേറ്റിലെ ഇ-ഗവേണൻസ് പദ്ധതികളുടെ പ്രവർത്തനങ്ങൾ തുടർച്ചയായി വിലയിരുത്തുന്നതിനുവേണ്ടി ലേബർ കമ്മീഷണറേറ്റിൽ ഒരു ഐ.റ്റി സെക്ഷൻ സജ്ജമാക്കിയിട്ടുണ്ട്. എല്ലാ ഓഫീസർമാർക്കും നൽകിയിട്ടുള്ള യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് അവരുടെ അധികാര പരിധിയിലുള്ള സ്ഥാപനങ്ങൾ വേതന സുരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്തിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ നേരിട്ട് വിലയിരുത്താനും നടപടികൾ സ്വീകരിക്കാനുമുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതന നിയമപ്രകാരം സ്ഥാപന പരിശോധനകൾ നടത്തുകയും ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ നമ്പർ 50 ഖണ്ഡിക 111</u>

വസ്ത്രവ്യാപാര സ്ഥാപനങ്ങളിൽ സ്ത്രീകളടക്കമുള്ള തൊഴിലാളികൾക്ക് ഇരിപ്പിടം നിഷേധിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും സ്ത്രീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിക്കണമെന്നും തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിനും നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനും സ്ത്രീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുന്നതിന് കരട് തൊഴിൽ നയത്തിൽ

വിഭാവനം ചെയ്തിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതന നിയമം അനുസരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ജോലിക്കിടയിൽ വിശ്രമവേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം, തൊഴിൽ സ്ഥലത്ത് തന്നെ ഏർപ്പെടുത്തി നൽകികൊണ്ടും നിയമലംഘനങ്ങൾക്ക് പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടും നിയമഭേദഗതിയും വരുത്തിയിട്ടുണ്ട്.

<u>ശിപാർശ നമ്പർ 51 ഖണ്ഡിക 112</u>

വകുപ്പിന്റെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ല എന്നും ആവശ്യത്തിനുള്ള ജീവനക്കാരുടെ അപര്യാപ്തത വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന് വിവിധ തസ്തികകളിൽ ജീവനക്കാരുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാക്കണമെന്നും കൂടാതെ സംജാതമാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ തുടർ നടപടി അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിന്, വിവിധ തസ്തികകളിൽ ജീവനക്കാരുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിലേക്ക് ശിപാർശ സമയാസമയങ്ങളിൽ സർക്കാരിൽ ലഭ്യമാകുകയും ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംജാതമാകുന്ന ഒഴിവുകൾ യഥാസമയം വകുപ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്.

തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്കനുസൃതമായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്.

## തൊഴിലും നൈപുണ്യവും (ബി) വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകൾ എല്ലാ മാസവും 'VARAM' സോഫ്റ്റ് വെയറിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നുണ്ട്.

<u>കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്</u>

ബോർഡിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ജീവനക്കാരുടെ അപര്യാപ്തത കാരണം ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യം നിലവിൽ ഇല്ല.

<u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയതുമൂലം ജോലിഭാരം കുറഞ്ഞതിനാൽ വിവിധ വിഭാഗങ്ങളിലായി 35 തസ്തികകൾ മരവിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള തസ്തികകളിൽ ഒഴിവുകൾ ഉണ്ടായാൽ അത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് സത്വരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

<u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്</u>

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്നിട്ടില്ലാത്തതിനാൽ പി.എസ്.സി. മുഖേനയല്ല നിയമനം നടത്തുന്നത്. അന്യത്രസേവന വ്യവസ്ഥയിലാണ് ജീവനക്കാരുടെ നിയമനം നടത്തുന്നത്. ജീവനക്കാരുടെ അപര്യാപ്തത കാരണം ബോർഡിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്ന സാഹചര്യം നിലവിൽ ഇല്ല. നിലവിൽ തസ്തികകൾ ഒന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തൊഴിൽ വകുപ്പിന്റെ പുനഃസംഘടനയ്ക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആദ്യം മാറ്റിവെയ്ക്കുകയുണ്ടായി. വീണ്ടും പ്രൊപ്പോസൽ അയച്ചപ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അവാർഡ് ലഭിക്കുന്നതു വരെ സംസ്ഥാന കമ്മിറ്റിയെ

ബാധിക്കുന്ന വൻതോതിലുള്ള തസ്തിക സൃഷ്ടിക്കലിന് കഴിയില്ലെന്നും അവാർഡ് ലഭ്യമായതിന് ശേഷം സമർപ്പിക്കാനുമാണ് 10-12-2018-ൽ ധനവകുപ്പ് നിർദ്ദേശിച്ചത്. വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്.

## ശിപാർശ നമ്പർ 52 ഖണ്ഡിക 113

വകുപ്പിൽ പൊതുവേയും വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ ഓഡിറ്റിംഗിനായി പ്രത്യേക സംവിധാനം നിലവിലില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വകുപ്പിന് കീഴിൽ പ്രസ്തുത സംവിധാനം നിലവിലില്ലാത്ത സ്ഥാപനങ്ങളിൽ ഇന്റേർണൽ ഓഡിറ്റിംഗിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണമെന്നും വർഷത്തിൽ ഒരിക്കൽ ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ഇന്റേണൽ ഓഡിറ്റിംഗിനായി പ്രത്യേക സംവിധാനം നിലവിലുണ്ട്. വകുപ്പുതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി, എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാർ, അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് വിഭാഗം ജൂനിയർ സൂപ്രണ്ടുമാർ എന്നിവ ഉൾപ്പെട്ട സംസ്ഥാനതല ഓഡിറ്റ് ടീമും കൂടാതെ വകുപ്പിന്റെ സബ് ഓഫീസുകളിൽ പരിശോധന നടത്തുന്നതിന് മേഖലാതലത്തിൽ മേഖല എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർമാരെയും, ജില്ലാതലത്തിൽ പരിശോധന നടത്തുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് വിഭാഗം വിപുലീകരിക്കുകയും അതിൻപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നുമുണ്ട്.

### തൊഴിലും നൈപുണ്യവും (സി) വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിൽ ഇന്റേണൽ ഓഡിറ്റിംഗിനായി പ്രത്യേക സംവിധാനം നിലവിൽ ഉണ്ട്. വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റ് വിഭാഗം വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ ഓഡിറ്റിംഗ് നടത്തുന്നതിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നുണ്ട്.

### തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ ഡയറക്ടറേറ്റിലും മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസിലുമാണ് ഇന്റേണൽ ഓഡിറ്റ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നത്. ഈ സംവിധാനം മെച്ചപ്പെടുത്തുന്നതിന് വകുപ്പിൽ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ ഇന്റേണൽ ഓഡിറ്റിംഗിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തന പരിചയമുള്ള സ്റ്റാഫുകളെ ഉൾപ്പെടുത്തി ഓഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് വിഭാഗം, വകുപ്പിന്റെ കീഴിലുള്ള മൂന്ന് മേഖലാ ഓഫീസുകളിലും, ജോയിന്റ് ഡയറക്ടർ(മെഡിക്കൽ) ഓഫീസിലും വർഷത്തിലൊരിക്കലും ഉപ ഓഫീസുകളിൽ രണ്ട് വർഷത്തിലൊരിക്കലും കൃത്യമായി പരിശോധന നടത്തിവരുന്നു. നിലവിൽ 2017 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

### കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

ബോർഡിൽ ഇന്റേണൽ ഓഡിറ്റിംഗിനായി ഓഡിറ്റ് ടീം രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 2014-15 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

### കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ബോർഡിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം നിലവിലുണ്ട്. ചാർട്ടേഡ് അക്കൗണ്ടന്റ് ആണ് ബോർഡിലെ കണക്കുകൾ പരിശോധിച്ച് വാർഷിക ആഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നത്. നിലവിൽ 2013-14 വർഷം വരെയുള്ള ആഡിറ്റ് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

### കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കുന്നതിനായി കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിനുകീഴിൽ പ്രവർത്തിച്ചുവരുന്ന 12 ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ പരിശോധന നടത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ ഫിനാൻസ് ഓഫീസർ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ (ആസ്ഥാനം), ജൂനിയർ സൂപ്രണ്ട്, ക്ലാർക്കുമാർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഓഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രവർത്തനമാരംഭിച്ചത് 2017-18 സാമ്പത്തിക വർഷത്തിലാണ്. ആയതിനാൽ കൂട്ടിച്ചേർക്കപ്പെട്ട വിവിധ പദ്ധതികളിൽ നിന്നും ഓഡിറ്റ് പൂർത്തീകരിക്കാതെ കൈമാറി നൽകിയ രേഖകൾ പരിശോധിച്ച് കടിശ്ശിക റിപ്പോർട്ടുകൾ തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തൊഴിൽ വകുപ്പിൽ ഇന്റേണൽ ഓഡിറ്റിനായി പ്രത്യേക സംവിധാനം നിലവിലില്ലാത്തതിനാൽ ഇന്റേണൽ ഓഡിറ്റിനായി 4-6-2011-ലെ 33/2011/ധന. നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഫിനാൻസ് ഓഫീസർ, സീനിയർ സൂപ്രണ്ട്, സീനിയർ ക്ലാർക്ക് എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് 21-6-2018-ന് ഇന്റേണൽ ഓഡിറ്റ് വിംഗ് രൂപീകരിച്ചിട്ടുണ്ട്. ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ കീഴിൽ അഞ്ച് അംഗങ്ങൾ വീതം

ഉള്ള മൂന്ന് ഇൻസ്പെക്ഷൻ ടീമിനെ രൂപീകരിക്കുകയും എല്ലാ ജില്ലകളിലും ഉള്ള സബ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ ഷെഡ്യൂൾ അനുസരിച്ച് പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ കൊല്ലം, എറണാകുളം, കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ തലത്തിലും കോട്ടയം ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് അവരുടെ കീഴിലുള്ള സബ് ഓഫീസുകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. ആഭ്യന്തര പരിശോധന വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ചെയർമാനായും ഫിനാൻസ് ഓഫീസർ കൺവീനറായും, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ സൂപ്രണ്ട് (ഫിനാൻസ്) എന്നിവർ അംഗങ്ങളായും ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ നമ്പർ 53 ഖണ്ഡിക 114</u>

തൊഴിൽ വകുപ്പിൽ ജീവനക്കാരുടെ കുറവുണ്ടെന്നും എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെ എണ്ണം പരിമിതമാണെന്നും സമിതി മനസ്സിലാക്കുന്നു. തൊഴിൽ തർക്കങ്ങളും നിയമലംഘനങ്ങളും വർദ്ധിക്കുന്ന കാലഘട്ടത്തിൽ അവ കൈകാര്യം ചെയ്യുന്നതിന് വകുപ്പിന് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യണമെന്നും തൊഴിൽ വകുപ്പിന്റെ വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാനുതകുന്ന തരത്തിൽ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തൊഴിൽ വകുപ്പിന്റെ പുനഃസംഘടനയ്ക്കായി പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ആദ്യം മാറ്റിവെയ്ക്കുകയുണ്ടായി. വീണ്ടും പ്രൊപ്പോസൽ അയച്ചപ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അവാർഡ് ലഭിക്കുന്നതുവരെ സംസ്ഥാന കമ്മിറ്റിയെ ബാധിക്കുന്ന വൻതോതിലുള്ള തസ്തിക സൃഷ്ടിക്കലിന് കഴിയില്ലെന്നും അവാർഡ് ലഭ്യമായതിന് ശേഷം സമർപ്പിക്കാനുമാണ് 10-12-2018-ൽ ധനവകുപ്പ് നിർദ്ദേശിച്ചത്.

<u>ശിപാർശ നമ്പർ 54 ഖണ്ഡിക 115</u>

വകുപ്പിന്റെ 2012-13 സാമ്പത്തിക വർഷം മുതൽ 2016-17 സാമ്പത്തിക വർഷം വരെ വിവിധ ശീർഷകങ്ങളിൽ വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതായി കാണുന്നില്ല. ആയതിനാൽ ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളാകേണ്ടവരെ കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കി

ബഡ്ജറ്റിൽ അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ഫലപ്രദമായും വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണമെന്നും അനുവദിക്കപ്പെടുന്ന തുക തിരിച്ചടക്കേണ്ടി വരുന്ന സന്ദർഭങ്ങൾ ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

തൊഴിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിയുടെയും യഥാർത്ഥ ഗുണഭോക്താക്കളെ വിവിധ വകുപ്പുകൾ/ക്ഷേമനിധി ബോർഡുകൾ/ഏജൻസികൾ വഴി കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നത്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് 16 ശീർഷകങ്ങളിലായി 38,363 ലക്ഷം രൂപ വകയിരുത്തിയതിൽ 30,998 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 53,621 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും, ഫലപ്രദമായും പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

## ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്

ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിൽ 2018-19 സാമ്പത്തിക വർഷം പദ്ധതി നടത്തിപ്പിനായി 625 ലക്ഷം രൂപ അനുവദിച്ചതിൽ, സർക്കാർ നിർദ്ദേശം അനുസരിച്ച് പദ്ധതി വിഹിതം 465 ലക്ഷം രൂപയായി പുനർ നിർണയിച്ചിരുന്നു. ടി വകുപ്പിന്റെ ഭരണാനുമതി ആവശ്യമായ പദ്ധതികൾക്കെല്ലാം അനുമതി ലഭ്യമാക്കുകയും അതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. ഫണ്ട് കൃത്യമായും ഫലപ്രദമായും ചെലവഴിക്കുന്നതിന് ഫിനാൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് അനുവദിക്കുന്ന ബഡ്ജറ്റ് തുക പൂർണ്ണമായും ഫലപ്രദമായും ചെലവഴിക്കുന്നതിനും ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്. അനുവദിക്കുന്ന തുക വിനിയോഗിക്കാതെ തിരിച്ചടക്കുന്ന സന്ദർഭങ്ങൾ ഒഴിവാക്കുന്നതാണ്.

## തൊഴിലും നൈപുണ്യവും (സി) വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിന് ബഡ്ജറ്റ് വഴി ഓരോ വർഷവും അനുവദിക്കുന്ന തുകയിൽ പരമാവധി തുക ചെലവഴിക്കാൻ വകുപ്പ് സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

## തൊഴിലും നൈപുണ്യവും (ആർ) വകുപ്പ്

തൊഴിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിയുടെയും യഥാർത്ഥ ഗുണഭോക്താക്കളെ വിവിധ വകുപ്പുകൾ/ക്ഷേമനിധി ബോർഡുകൾ/ഏജൻസികൾ വഴി കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചു വരുന്നതെന്നും, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് 16 ശീർഷകങ്ങളിലായി 38363 ലക്ഷം രൂപ വകയിരുത്തിയതിൽ 30998 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും, നടപ്പ് സാമ്പത്തിക വർഷം 53621 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും, ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായും ഫലപ്രദമായും പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും തുക തിരിച്ചടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതാണെന്നും സമിതിയെ സവിനയം അറിയിക്കുന്നു.

## തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

ഓരോ പദ്ധതികളുടെയും യഥാർത്ഥ ഗുണഭോക്താക്കളെ വിവിധ വകുപ്പുകൾ/ക്ഷേമനിധി ബോർഡുകൾ/ഏജൻസികൾ വഴി കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത് 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ പ്ലാൻ പദ്ധതികൾ നടപ്പാക്കുന്നതിന് ലേബർ കമ്മീഷണർക്ക് 14 ശീർഷകങ്ങളിലായി 48183 ലക്ഷം രൂപ വകയിരുത്തിയതിൽ 40197.05 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2018-19 വർഷം പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച 53621 ലക്ഷം രൂപയിൽ 10147.4 ലക്ഷം രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ഫലപ്രദമായും വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ഓരോ പദ്ധതിയുടെയും യഥാർത്ഥ ഗുണഭോക്താക്കളെ വിവിധ ക്ഷേമനിധി ബോർഡുകൾ/വകുപ്പുകൾ/ഏജൻസികൾ വഴി കൃത്യമായി കണ്ടെത്തുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് 14 ശീർഷകങ്ങളിലായി 48183 ലക്ഷം രൂപ വകയിരുത്തിയതിൽ 40197.05 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2018-19 വർഷം പദ്ധതി നടത്തിപ്പിനായി ബഡ്ജറ്റിൽ അനുവദിച്ച 53621 ലക്ഷം രൂപയിൽ 10147.4 ലക്ഷം രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. അനുവദിച്ച തുക പൂർണ്ണമായും പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിന് ശ്രമിക്കുന്നതാണ്.

## തൊഴിലും നൈപുണ്യവും (ജി) വകുപ്പ്

2013-14-ൽ മൾട്ടിപർപ്പസ് ജോബ് ക്ലബ് എന്ന പദ്ധതിക്കായി വകയിരുത്തിയിരുന്ന 150 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ സറണ്ടർ ചെയ്തിരുന്നു. 2014-15 സാമ്പത്തിക വർഷം തൊഴിൽ നൈപുണ്യ കേന്ദ്രത്തിനായി വകയിരുത്തിയ 270 ലക്ഷം രൂപയിൽ 27 ലക്ഷം രൂപ e-ledger ലേയ്ക്ക് മാറ്റുകയുമുണ്ടായി. 2015-16 സാമ്പത്തിക വർഷം കമ്പ്യൂട്ടർവത്ക്കരണത്തിനായി വകയിരുത്തിയിരുന്ന 100 ലക്ഷം രൂപയിൽ 72.34 ലക്ഷം രൂപ വിനിയോഗിക്കുകയും അവശേഷിച്ച 27.66 ലക്ഷം രൂപ e-ledger ലേയ്ക്ക് മാറ്റിയിരുന്നു. 2012-13 മുതൽ 2016-17 വരെ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി വിവിധ പദ്ധതികളിൽ വകയിരുത്തിയ തുകകളിൽ മേൽപ്പരാമർശിച്ചിട്ടുള്ള തുകകൾ ഒഴിച്ച് ബാക്കിയെല്ലാ പദ്ധതികളുടെയും അനുവദിച്ച തുകകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

## അദ്ധ്യായം -III

### I. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകൾ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ എന്നിവ സംബന്ധിച്ച വിശദാംശം

#### ശിപാർശ നമ്പർ 3 (ഖണ്ഡിക 17)

അനർഹരായിട്ടുള്ളവർ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ. എസ്. ബി. വൈ.) പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുവാനുള്ള സാധ്യതയുണ്ടെന്ന് സമിതി ആശങ്കപ്പെടുന്നു. ആയതിനാൽ അനർഹരായിട്ടുള്ളവർക്ക് ആനുകൂല്യം കിട്ടിയിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിനായി ഈ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിച്ചവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

#### ശിപാർശ നമ്പർ 4 (ഖണ്ഡിക 21)

ആർ. എസ്. ബി. വൈ., ചിസ്, ചിസ് പ്ലസ് പദ്ധതികളിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റിൽ സർക്കാർ ആശുപത്രികൾ പൂർണ്ണമായും ഉൾപ്പെടുന്നുണ്ടെങ്കിലും സ്വകാര്യ ആശുപത്രികൾ വളരെ കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ നിലവിലുള്ള സ്വകാര്യ ആശുപത്രികളെ നിലനിർത്തിക്കൊണ്ട് കൂടുതൽ സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുക, സ്വകാര്യ ആശുപത്രികൾ പിൻവാങ്ങുന്നത് ഒഴിവാക്കുക, ആശുപത്രികളുടെ സ്മാർട്ട് കാർഡ് ഉപയോഗിച്ച് ചികിത്സ ലഭിക്കുന്നതിന് കൂടുതൽ സൗകര്യാർത്ഥം ആശുപത്രി ജീവനക്കാരെ അധികമായി നിയോഗിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക 22)</u>

ആർ. എസ്. ബി. വൈ., ചിസ് പദ്ധതികളുടെ ഭാഗമായി ഒരു കുടുംബത്തിന് ലഭിക്കുന്ന വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 30,000 (മുപ്പതിനായിരം രൂപ) രൂപയും ചിസ് പ്ലസ് പദ്ധതിയുടേത് 70,000 (എഴുപതിനായിരം രൂപ) രൂപയുമാണ്. മരുന്നുകളുടെ വിലയും മറ്റ് ചികിത്സാ ചെലവുകളും ക്രമാതീതമായി കുതിച്ചുയരുന്ന സഹചര്യത്തിൽ പ്രസ്തുത പദ്ധതികളുടെ ഭാഗമായി ലഭിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ തുക ഇപ്പോഴും കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ആർ. എസ്. ബി. വൈ., ചിസ് പദ്ധതികളുടെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 50,000 (അമ്പതിനായിരം രൂപ) രൂപയായും ചിസ് പ്ലസ് പദ്ധതിയുടെ വാർഷിക ഇൻഷ്വറൻസ് പരിരക്ഷ 1,00,000 (ഒരു ലക്ഷം രൂപ) രൂപയായും ഗുണഭോക്താക്കളെ പ്രീമിയം തുകയുടെ വർദ്ധനവ് ബാധിക്കാത്ത തരത്തിൽ ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 6 (ഖണ്ഡിക 25)</u>

ആം ആദ്മി ബീമാ യോജനയുടെ ഭാഗമായി ലഭിക്കുന്ന ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധന വരുത്തണമെന്നും കൂടുതൽ ഗുണഭോക്താക്കളെ പരിധിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ പ്രചരണം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 7 (ഖണ്ഡിക 26)</u>

അർഹരായ ആളുകളെ കണ്ടെത്തുന്നതിനായി ഓരോ പഞ്ചായത്തിന്റെ കീഴിലും ഒരു പ്രത്യേക സ്ക്വാഡും അതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി പഞ്ചായത്തിന്റെ മേൽനോട്ട സമിതിയും രൂപീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 17 (ഖണ്ഡിക 46)</u>

കേന്ദ്ര സർക്കാരിന്റെ തീരുമാന പ്രകാരമാണ് ഐ. ടി. ഐ.-കളിലെ സിലബസും കരിക്കുലവും നടപ്പിലാക്കുന്നത്. സിലബസിൽ ഓരാ വർഷവും കേന്ദ്ര സർക്കാർ തീരുമാന പ്രകാരം പരിഷ്കാരങ്ങൾ വരുത്താറുള്ളതായി സമിതി മനസ്സിലാക്കുന്നു. ജോലി സാദ്ധ്യത കൂടുതലുള്ള ഐ. ടി. ഐ./ഐ. ടി. സി. സിലബസിൽ ഉൾപ്പെടുത്തുവാൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും അന്താരാഷ്ട്ര തലത്തിൽ ജോലി സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തുന്നതിനായി സമഗ്ര പഠനം നടത്തണമെന്നും പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 45 (ഖണ്ഡിക 104)</u>

വിദേശ മലയാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണ്യമായ സംഭാവന നൽകുകയും സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കുകയും ചെയ്യുന്നു. വിദേശത്തേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്ന നിരവധി ഏജൻസികൾ സംസ്ഥാനത്ത് നിലവിലുണ്ട്. വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പുകൾക്ക് ഇരയായി പണവും ജീവിതം തന്നെയും നഷ്ടപ്പെട്ട നിരവധി ആളുകളാണ് സംസ്ഥാനത്തുള്ളത്. ഇത്തരം വ്യാജ റിക്രൂട്ട്മെന്റ് ഏജൻസികളിൽ നിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്. മുൻകാലങ്ങളിൽ ഇത്തരം തട്ടിപ്പുകൾ നടത്തിയവർ പിന്നീട് മറ്റ് പേരുകളിൽ ഈ രംഗത്തേയ്ക്ക് മടങ്ങി വരുകയും തട്ടിപ്പുകൾ ആവർത്തിക്കുകയും ചെയ്യുന്നു. ആയതിനാൽ ഇത്തരം തട്ടിപ്പുകൾ നടത്തിയവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്കായി വെബ്സൈറ്റ് മുഖേന ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

നോർക്ക (എ) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

<u>ശിപാർശ നമ്പർ 46 (ഖണ്ഡിക 106)</u>

ഒഡെപെകിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി തേടുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ റിക്രൂട്ട്മെന്റ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. തൊഴിൽ, നോർക്ക എന്നീ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി നേടുന്നവർക്കായി നടത്തി വരുന്ന പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് വിശദാംശങ്ങൾ അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

തൊഴിലും നൈപുണ്യവും (ജി) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

## II. വിവിധ വകുപ്പുകളിൽ നിന്നും സമിതിയ്ക്ക് ലഭ്യമായ റിപ്പോർട്ടുകളിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ

<u>ശിപാർശ നമ്പർ 40 (ഖണ്ഡിക 99)</u>

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള 'ഭവനം ഫൗണ്ടേഷൻ കേരള' ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയ പദ്ധതിയാണ് അപ്നാ ഘർ. അപ്നാ ഘർ പദ്ധതിയിലെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്രയിൽ ആരംഭിച്ചു. 640 പേർക്ക് അടുക്കള, ടോയലറ്റ്, ഊണു മുറി, കളിക്കാനുള്ള സൗകര്യം, ബാത്ത് ഷവറും വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുമുള്ള സൗകര്യം, വിശ്രമിക്കാനുള്ള ഇരിപ്പിടം എന്നീ സൗകര്യങ്ങളോടെ 44,200 (നാൽപ്പത്തി നാലായിരത്തി ഇരുന്നൂറ്) ചതുരശ്ര അടിയിൽ നിർമ്മിക്കുന്ന ഈ ഹോസ്റ്റലിന്റെ ആകെ ചെലവ് 8 കോടി രൂപയാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടിയുള്ള അപ്നാ ഘർ പദ്ധതിയുടെ ഭാഗമായി പുരോഗമിയ്ക്കുന്ന പാലക്കാട് - കഞ്ചിക്കോട് സ്കീം,

നിർദ്ദേശിത തിരുവനന്തപുരം - ചെമ്പഴന്തി, എറണാകുളംകളമശ്ശേരി, കോഴിക്കോട്-രാമനാട്ടുകര സ്കീമുകൾ എന്നിവ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്നും പ്രസ്തുത പദ്ധതി മറ്റ് നഗരങ്ങളിലേക്കുകൂടി വ്യാപിപ്പിക്കണമെന്നും ആയതിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

<u>അപ്നാ ഘർ പദ്ധതി</u>

പാലക്കാട് സ്കീം - പദ്ധതിയിലെ ആദ്യ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്രയിൽ പൂർത്തിയായി. 4 നിലകളിലായി ബെഡ് റൂം, അടുക്കള, ഡൈനിംഗ് ഏരിയ, കളിക്കുന്നതിനും തുണി അലക്കുന്നതിനും ഉണക്കുന്നതിനും ഉള്ള സൗകര്യങ്ങളോട് കൂടിയ 620 ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് താമസിക്കാവുന്ന പദ്ധതിയാണ് പാലക്കാട് ജില്ലയിൽ നിർമ്മിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വകുപ്പിൽ നിന്നുള്ള ഫൈനൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ ബി. കെ. എഫ്. നേടിയിട്ടുണ്ട്. 23-2-2019-ന് ബഹു. മുഖ്യമന്ത്രി ഈ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

രാമനാട്ടുകര സ്കീം-ഹോസ്റ്റൽ സ്ഥാപിക്കുന്നതിനായി രാമനാട്ടുകര കിൻഫ്ര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ ബി. എഫ്. കെ. ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വർക്ക് ഓർഡർ സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നൽകി. തുടർന്ന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് പ്രാഥമിക എലിവേഷനുകളും പ്ലാനുകളും സമർപ്പിക്കുകയും ബി. എഫ്. കെ. അവ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ബി. എഫ്. കെ. യിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി സ്കീമിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാർ അംഗീകൃത ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കളമശ്ശേരി സ്കീം - കിൻഫ്ര ഹൈടെക് പാർക്കിൽ ബി. എഫ്. കെ. ഒരു ഏക്കർ ഭൂമി പാട്ടത്തിനെടുത്തു. അപ്നാ ഘർ പ്രോജക്ട് - കളമശ്ശേരി സ്കീമിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ചുമതല ബി.എഫ്.കെ. ഒരു സർക്കാർ അക്രെഡിറ്റഡ് ഏജൻസിയായ എച്ച്.എൽ.എൽ., എച്ച്.ഐ.ടി.ഇ.എസ്.-ന് നൽകി. തുടർന്ന് എച്ച്. ഐ. ടി. ഇ. എസ്. പ്രാഥമിക എലിവേഷനുകളും പ്ലാനുകളും സമർപ്പിക്കുകയും ബി. എഫ്. കെ. അവ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി നടന്നുവരുന്നു. ഡി. പി. ആർ. ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചെമ്പഴന്തി സ്കീം-ഡി. എൽ.പി.സി. സംവിധാനത്തിലൂടെ വാങ്ങാൻ തിരുവനന്തപുരത്ത് അയിരൂപ്പാറ വില്ലേജിൽ സർവ്വേ നമ്പർ 166/4-1, 166/4-ൽ 40.6 ആർ ഭൂമി കണ്ടെത്തിയിരുന്നു. അടിസ്ഥാന വാല്യേഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ അഡീഷണൽ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസിൽദാറെ ഏൽപ്പിച്ചിട്ടുണ്ട്. 2018 ജനുവരി 17-ന് ആദ്യ സൈറ്റ് പരിശോധന നടത്തുകയുണ്ടായി. എന്നാൽ പദ്ധതിക്കെതിരെ പ്രാദേശിക പ്രതിഷേധംമൂലം പുരോഗതി ഉണ്ടായില്ല.

കൂടാതെ മറ്റ് ജില്ലകളിലും അപ്നാ ഘർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനത്തിലാണ്. അതിനായി ജില്ലയിലെ കളക്ടർമാരോട് സ്ഥലം ഏറ്റെടുത്ത് നൽകാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് മറ്റ് ജില്ലകളിലും അപ്നാ ഘർ പദ്ധതി നടപ്പിലാക്കുന്നതാണ്.

<u>ലഭിക്കേണ്ട അധിക വിവരം</u>

ഖണ്ഡിക 99 - ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടിയുള്ള അപ്നാ ഘർ പദ്ധതിയുടെ വിവിധ ജില്ലകളിലെ പ്രവർത്തന പുരോഗതി സംബന്ധിച്ചും തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ പുരോഗമന പ്രവർത്തനങ്ങൾക്കായി സ്വീകരിച്ച തുടർ നടപടികളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുക.

(തൊഴിലും നൈപുണ്യവും (ഡി) വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.)

<u>ശിപാർശ നമ്പർ 41 (ഖണ്ഡിക 100)</u>

ധാരാളം ഇതര സംസ്ഥാന തൊഴിലാളികൾ കുടുംബത്തോടൊപ്പം കേരളത്തിൽ താമസിക്കുകയും അവരുടെ കുട്ടികൾ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുകയും ചെയ്യുന്നു. എന്നാൽ ജനന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളില്ലാത്തതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾ ഉപരിപഠനം, ജോലി എന്നിവയ്ക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഇതര സംസ്ഥാന തൊഴിലാളി കുടുംബത്തിൽ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ നിയമ വകുപ്പുമായി ആലോചിച്ച് സ്വീകരിക്കുവാനും അതിന്റെ പുരോഗതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കായി പ്രത്യേക പദ്ധതി നടപ്പിലാക്കേണ്ടത് പൊതു വിദ്യാഭ്യാസ വകുപ്പും, ഇതര സംസ്ഥാന തൊഴിലാളി കുടുംബത്തിൽ ജനിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പുമാണ്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ ജനന രജിസ്ട്രേഷൻ നടത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും, പ്രത്യേക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് നിർദ്ദേശിച്ചു.

പൊതു വിദ്യാഭ്യാസ വകുപ്പ് അധിക വിവരം ലഭ്യമാക്കിയിട്ടില്ല.

## തദ്ദേശ സ്വയംഭരണ (ആർ. ഡി.) വകുപ്പ്

1969-ലെ ജനന മരണ രജിസ്ട്രേഷൻ നിയമമനുസരിച്ച് ജനന രജിസ്ട്രേഷൻ ജനനം നടക്കുന്ന തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിലാണ് നടത്തേണ്ടത്. അതിന് അന്യ സംസ്ഥാന തൊഴിലാളികൾ എന്നോ തദ്ദേശീയരെന്നോ ഉള്ള ഭേദമില്ല. ജനന രജിസ്ട്രേഷൻ ഒരു കുട്ടിയുടെ മനുഷ്യാവകാശങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടേണ്ടതായി അന്താരാഷ്ട്ര മനുഷ്യാവകാശ രേഖകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതായി നിയമ വകുപ്പും അഭിപ്രായ പ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കേരളത്തിൽ വച്ച് ജനിക്കുന്ന കുട്ടികളുടെ ജനനം ബന്ധപ്പെട്ട തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം തടസ്സമില്ലാത്തതിനാൽ ജനന റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് തന്നെ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ശിപാർശ നമ്പർ 48 (ഖണ്ഡിക 108)</u>

തോട്ടം മേഖലയിൽ നിരവധി എസ്റ്റേറ്റുകൾ പ്രവർത്തന രഹിതമായി കിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അവയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എസ്റ്റേറ്റുകളിലെ ജീവനക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളായ പീരുമേട് ടീ കമ്പനി, എം. എം. ജെ. പ്ലാന്റേഷൻസിന്റെ വക ബോണാമി, കോട്ടമല എസ്റ്റേറ്റുകൾ, ബോണക്കാട് എസ്റ്റേറ്റ് എന്നീ തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുക എന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തോട്ടം ഉടമകൾ, ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി യോഗം കൂടുകയും യോഗത്തിൽ തോട്ടം തുറന്ന്

പ്രവർത്തിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലന്റേഷൻസും ജില്ലാ ലേബർ ഓഫീസറും എസ്റ്റേറ്റ് സന്ദർശിച്ച് നിലവിലെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിച്ചു ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കെട്ടിട നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലയിലും കൂലി നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ തോട്ടം തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട കൂലി നിരക്ക് കുറവാണ്. നിലവിൽ തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ ചട്ട പ്രകാരമുള്ള അവധികൾ, ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധികൾ എന്നിവ മിക്ക എസ്റ്റേറ്റുകളിലും നൽകിവരുന്നുണ്ട്.

കേരളത്തിലെ തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷ് കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ചവയാണ്. ലയങ്ങൾ മിക്കവയും വളരെയധികം പഴക്കമുള്ളവയാണ്. കാലാകാലങ്ങളായുള്ള അറ്റകുറ്റപ്പണികൾമുഖേന ആയവ പുനരുദ്ധരിക്കുക എന്നത് അങ്ങേയറ്റം അസാദ്ധ്യമായ കാര്യമാണ്. മിക്ക ലയങ്ങളിലും ശൗചാലയങ്ങൾ, വൈദ്യുതി സൗകര്യങ്ങൾ എന്നിവ നിലവിലുണ്ടെങ്കിലും പാടികൾ ഇനിയും മെച്ചപ്പെടുവാനുണ്ട്. സാമ്പത്തിക പ്രതിസന്ധിയാണ് ലയങ്ങൾ നന്നാക്കുന്നതിൽ നിന്നും ഉടമകളെ പിന്തിരിപ്പിക്കുന്നത്. 1974-ൽ പ്ലാന്റേഷൻ മേഖലയിൽ ലയങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടി ഒരു സബ്സിഡൈസ്ഡ് ഹൗസിംഗ് സ്കീം നിലവിലുണ്ടായിരുന്നു. ഈ പദ്ധതി പ്രകാരം ഓരോ തൊഴിലുടമയും സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കും മാതൃകകൾക്കും അനുസൃതമായി ലയങ്ങൾ നിർമ്മിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ചട്ടം ഭേദഗതി വരുത്തി ആയത് പുനരുജ്ജീവിപ്പിക്കുന്നത് തൊഴിലാളികളുടെ പാർപ്പിട പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും. ബാങ്ക് വഴി തൊഴിലുടമകൾക്ക് ലോൺ നൽകി ലയങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും ഇങ്ങനെ നൽകുന്ന സ്കീം നടപ്പിലാക്കിയാൽ ഒരു പരിധിവരെ ലയങ്ങൾ നല്ല നിലയിൽ പ്രവർത്തിപ്പിക്കാനുമാകും. വളരെ പരിമിതമായ സാഹചര്യങ്ങളിലാണ് ലയങ്ങൾ മിക്കവയും പ്രവർത്തിക്കുന്നതിനാൽ ഇത് ഗുരുതരമായ ആരോഗ്യ ശുചിത്വ സാമൂഹ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു. പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ പരിശോധനാ വേളയിൽ ശ്രദ്ധയിൽപ്പെടുന്ന തകരാറുകൾ എസ്റ്റേറ്റ് അധികൃതരെക്കൊണ്ട് പരിഹരിക്കാറുണ്ട്. ഭവന രഹിതരായ തോട്ടം തൊഴിലാളികൾക്ക് സൗജന്യമായി വീട് നിർമ്മിച്ചു നൽകുക എന്ന സർക്കാർ പദ്ധതിയിൽ തോട്ടം മേഖലയിൽ സർവ്വേ നടത്തി അർഹരായവരുടെ ലിസ്റ്റ് സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം എസ്റ്റേറ്റ് വക സ്കൂളുകളിലും സർക്കാർ സ്കൂളുകളിലുമാണ് നടന്നുവരുന്നത്. പ്ലാന്റേഷനുകളിലെ തൊഴിലാളി ലയങ്ങളിൽ എസ്റ്റേറ്റുകളുടെ ഉത്തരവാദിത്തത്തിൽ കുടിവെള്ള വിതരണം ചെയ്തു വരുന്നു. കൂടാതെ വെള്ളം കുറയുന്ന സന്ദർഭങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ, എസ്റ്റേറ്റ് അധികൃതർ ടാങ്കുകൾ വഴിയോ തൊഴിലാളികൾക്ക് ജലവിതരണം ചെയ്യാറുണ്ട്.

തോട്ടങ്ങളിലേക്കുള്ള റോഡുകൾ മിക്കതും യാത്ര ചെയ്യുവാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. മിക്ക റോഡുകളും ടാർ ചെയ്തിട്ടില്ല. വാർഷിക അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താത്തത് കാരണം മഴക്കാലമാകുമ്പോൾ റോഡുകൾ ഉപയോഗപ്രദമല്ലാതാകുന്നു. ചുരുക്കം ചില എസ്റ്റേറ്റുകളിൽ മാത്രമാണ് ഭാഗിമായി ടാർ ചെയ്ത റോഡുകളുള്ളൂ. സ്വകാര്യ മേഖലയിലെ തോട്ടങ്ങളിലെ റോഡ് നന്നാക്കുന്നതിനു വേണ്ടി ഫണ്ട് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ കഴിയുന്നില്ല. എന്നാൽ ഈ മേഖലയിലെ ജനങ്ങളുടെ എണ്ണം കണക്കാക്കിയാൽ പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകളും ഈ മേഖലയിലാണ് കഴിയുന്നത്. ഇക്കാര്യം പരിഗണിച്ച് തോട്ടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നതിനുള്ള അനുമതി നൽകിയാൽ ഒരു പരിധിവരെ തോട്ടം തൊഴിലാളികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിക്കും.

തണുപ്പിൽനിന്നും മഴയിൽ നിന്നുമുള്ള തൊഴിലാളികളുടെ സംരക്ഷണത്തിനായി കമ്പിളി, ബ്ലാങ്കറ്റ്, കുടകൾ എന്നിവ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ അംഗീകാരത്തോടെ വിതരണം ചെയ്തുവരുന്നു. വിതരണം ചെയ്യാത്ത എസ്റ്റേറ്റുകളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനാവേളയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിലുടമകൾക്ക് നിർദ്ദേശം നൽകാറുണ്ട്.

തൊഴിലാളികൾ കൂടുതലായുള്ള എസ്റ്റേറ്റുകളിൽ ക്രഷ് റും പ്രവർത്തിച്ചുവരുന്നു. ഇവയുടെ പ്രവർത്തനം പ്ലാന്റേഷൻ ഇൻസ്പെക്ടർ നിശ്ചിത ഇടവേളകളിൽ പരിശോധിക്കാറുണ്ട്. ക്രഷ് സംവിധാനത്തിന് പകരം ചില തോട്ടങ്ങളിൽ അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ടി അംഗനവാടികൾവഴി കുട്ടികൾക്കും അമ്മമാർക്കും പോഷകാഹാരങ്ങൾ നൽകിവരുന്നുണ്ട്.

തോട്ടം തൊഴിലാളികൾക്ക് സൗജന്യമായി ചികിത്സാ സൗകര്യം മിക്ക തോട്ടങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എസ്റ്റേറ്റ് വക ആശുപത്രികളിലും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന തൊഴിലാളികൾക്ക് ചെലവായ തുക മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് വഴി തൊഴിലുടമ നൽകുകയാണ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ നിയമാനുസൃതം പ്ലാന്റേഷൻ ഇൻസ്പെക്ടർമാരുടെ തലത്തിലും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ തലത്തിലും പരിഹരിച്ചുവരുന്നു.

കെ.ഡി.എച്ച്.പി., എ.വി.ടി., ഹാരിസൺസ് മലയാളം ലിമിറ്റഡ് തുടങ്ങിയ വൻകിട തോട്ടങ്ങളിൽ മാത്രമേ ഡിസ്പെൻസറി, ഗാർഡൻ ഗ്രൂപ്പ് ആശുപത്രികൾ എന്നിവ പ്രവർത്തിച്ചു വരുന്നുള്ളൂ. മിക്ക എസ്റ്റേറ്റുകളിലെയും ഗാർഡൻ ആശുപത്രികളിലും

ഡിസ്പെൻസറികളിലും വിസിറ്റിംഗ് ഡോക്ടർമാർ ആണ് ഉള്ളത്. തോട്ടം മേഖലയിലെ വിളകളുടെ വിലയിടിവിനെ തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധി കാരണം ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള സാമ്പത്തികശേഷി ഉടമകൾക്ക് ഇല്ലാത്തതും ഡോക്ടർമാരുടെ പ്ലാന്റേഷനുകളിൽ ജോലി ചെയ്യുന്നതിനുള്ള വിമുഖതയും ഈ മേഖലയിൽ ഡോക്ടർമാരെ കിട്ടാതെ വരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു.

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾ മരണപ്പെട്ടു കഴിഞ്ഞാൽ പ്ലാന്റേഷൻ ദുരിതാശ്വാസ പദ്ധതിയിൽനിന്നും നിലവിൽ 25,000 രൂപയാണ് മരണാനന്തര ധനസഹായമായി നൽകിവരുന്നത്. എന്നാൽ ഇതേ എസ്റ്റേറ്റിൽ സർക്കാർ ആവിഷ്കരിച്ച സർക്കാർ പദ്ധതിയായ ആവാസിൽ അംഗമായ ഇതര സംസ്ഥാന തൊഴിലാളി മരണപ്പെട്ടാൽ തൊഴിലാളിയുടെ ആശ്രിതർക്ക് 2,00,000 രൂപ നൽകി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. തോട്ടം മേഖയിലെ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കണമെന്ന് പ്ലാന്റേഷൻ മെഡിക്കൽ അഡ്വൈസറി ബോർഡിന്റെ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

<u>സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

തോട്ടം തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശിപാർശകളിന്മേൽ തോട്ടം തൊഴിലാളികൾക്ക് നൽകി വരുന്ന മരണാനന്തര ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും നിലവിൽ എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് മറുപടി ലഭ്യമാക്കിയിട്ടില്ല.**

പ്രധാന ശിപാർശകളായ ശിപാർശ 3 (ഖണ്ഡിക 17), ശിപാർശ 4 (ഖണ്ഡിക 21), ശിപാർശ 5 (ഖണ്ഡിക 22), ശിപാർശ 6 (ഖണ്ഡിക 25), ശിപാർശ 7 (ഖണ്ഡിക 26), ശിപാർശ 17 (ഖണ്ഡിക 46), ശിപാർശ 45 (ഖണ്ഡിക 104), ശിപാർശ 46 (ഖണ്ഡിക 106) എന്നിവയിന്മേലും, ഖണ്ഡിക 115-ലെ പൊതുശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും (ജെ) വകുപ്പിൽ നിന്ന് മറുപടിയും തൊഴിലും നൈപുണ്യവും (സി) വകുപ്പിൽ നിന്നും അധികവിവര മറുപടിയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ടി ശിപാർശകൾ ആവർത്തിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

എസ്. ശർമ്മ,

*അദ്ധ്യക്ഷൻ,*

*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 20.

## അനുബന്ധം I

| | 2016-17 | | | 2017-18 | | |
|---|---|---|---|---|---|---|
| ഘടകം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ |
| തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം ലഭിച്ചവർ | - | - | - | 60,000/- | 60,000/- | 300 |
| കപ്പാസിറ്റി ബിൽഡിംഗ് | | | | 1,30,000/- | 1,30,000/- | 50 |
| മത്സര പരീക്ഷകൾക്കുള്ള പരിശീലനം ലഭിച്ചവർ (25 to 30 days) | 12,00,000/- | 12,00,000/- | 198 | 12,00,000/- | 12,00,000/- | 183 |
| സ്വയം തൊഴിൽ സംരംഭങ്ങൾ | 1,53,50,000/- | 1,53,50,000/- | 307 | 84,97,000/- | 84,97,000/- | 170 |
| മോണിറ്ററിംഗ് | 2,51,000/- | 2,51,000/- | | 1,13,000/- | 1,13,000/- | |
| **Total** | **1,68,01,000/-** | **1,68,01,000/-** | | **1,00,00,000/-** | 1,00,00,000/- | |

**കേരള സർക്കാർ**

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുവാനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തൊഴിലും നൈപുണ്യവും(എച്ച്) വകുപ്പ്**

സ.ഉ (സാധാ) 511/2018/തൊഴിൽ തിയതി 30/04/2018

---

പരാമർശം:- 1) ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08.03.2018 ൽ വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ

2) 26/04/2018 ലെ ലേബർ കമ്മീഷണറുടെ ഇ.എൻ.എഫ്.(1)2726/2018 നമ്പർ കത്ത്

<u>ഉത്തരവ്</u>

കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ അമിതകൂലി ആവശ്യപ്പെടുക, ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുക എന്നീ അനഭിലഷണീയമായ ചില പ്രവണതകൾ നിലനിൽക്കുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ചില തൊഴിൽ മേഖലകളിൽ തൊഴിലാളികളെ വിതരണം ചെയ്യാനുള്ള അവകാശം ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രവണതകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് അനുഗുണമാവും വിധമുള്ള സംരംഭകത്വത്തിന്റെ വളർച്ചയ്ക്ക് വിഘാതമാവുന്നു എന്ന് വിലയിരുത്തപ്പെട്ട സാഹചര്യത്തിൽ ഇത്തരത്തിലുള്ള അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുവാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ മേഖലയിൽ ഊട്ടിയുറപ്പിക്കുവാനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കയറ്റിറക്ക് കൂലി അതാത് ജില്ലകളിൽ ജില്ലാ ലേബർ ആഫീസർമാർ ഉത്തരവാക്കിയ ഏകീകൃത കൂലി പട്ടിക അടിസ്ഥാനപ്പെടുത്തി നൽകേണ്ടതാണ്. പട്ടികയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ഉഭയകക്ഷി കരാറുകളെ അടിസ്ഥാനപ്പെടുത്തി കൂലി നൽകേണ്ടതാണ്.

2. ചുമട്ടുതൊഴിലാളി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതായ ഗാർഹികാവശ്യത്തിനുള്ള കയറ്റിറക്ക്, കാർഷികോൽപ്പന്നങ്ങളുടെ കയറ്റിറക്ക് എന്നിവയ്ക്ക് തൊഴിലുടമയ്ക്ക് ഇഷ്ടമുള്ളവരെ ജോലിക്ക് നിയോഗിക്കാവുന്നതാണ്. എന്നാൽ അംഗീകൃത ചുമട്ടുതൊഴിലാളികളെ നിയോഗിക്കുന്ന പക്ഷം അതാത് മേഖലയിലെ നിശ്ചയിക്കപ്പെട്ട കൂലി നൽകേണ്ടതാണ്.

പൂൾ സമ്പ്രദായത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും, കൈപ്പറ്റുന്നതും പലയിടത്തും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് നിയമവിരുദ്ധമായി കണക്കാക്കുന്നതും ചട്ടപ്രകാരം മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്

4 ചുമട്ടുതൊഴിൽ ചെയ്യുമ്പോൾ തൊഴിലാളികൾ നിർബന്ധമായും തൊഴിൽ വകുപ്പ് / ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് നൽകുന്ന തിരിച്ചറിയൽ കാർഡ് കൈവശം വയ്ക്കേണ്ടതാണ്

5. കയറ്റിറക്കിന് വാങ്ങുന്ന കൂലിക്ക് കൺവീനർ / പൂൾ ലീഡർ ഒപ്പിട്ട ഇനം തിരിച്ചുള്ള രസീത് തൊഴിലുടമയ്ക്ക് നൽകേണ്ടതാണ്.

6 നിശ്ചയിക്കപ്പെട്ട നിരക്കിനേക്കാൾ അധിക/അമിത കൂലി കൈപ്പറ്റിയത് ശ്രദ്ധയിൽപ്പെട്ടാൽ ചുമട്ടുതൊഴിലാളി നിയമപ്രകാരം പരിഗണിച്ച് പണം തിരികെ വാങ്ങിക്കൊടുക്കാൻ അസിസ്റ്റന്റ് ലേബർ ആഫീസർമാർ / ജില്ലാ ലേബർ ആഫീസർമാർ സത്വര നടപടി സ്വീകരിക്കണം. ആവശ്യമാകുന്ന സാഹചര്യത്തിൽ ക്ഷേമബോർഡിന് കീഴിൽ പൂൾ ചെയ്ത പദ്ധതിയിൽ അംഗങ്ങളായവരാണെങ്കിൽ ക്ഷേമബോർഡ് മുഖേനയും അല്ലാത്തപക്ഷം റവന്യൂ റിക്കവറിയിലൂടെയും പണം ഈടാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

7 ഏതെങ്കിലും തൊഴിൽ മേഖലയിൽ ജോലി ചെയ്യാനുള്ള അവകാശമുന്നയിച്ചുകൊണ്ടോ ഉയർന്ന കൂലി നിരക്കുകൾ ആവശ്യപ്പെട്ടുകൊണ്ടോ തൊഴിലുടമയേയോ ഉടമയുടെ പ്രതിനിധികളെയോ ഭീഷണിപ്പെടുത്തുകയോ കയ്യേറ്റം ചെയ്യുകയോ വസ്തുവകകൾ നശിപ്പിക്കുകയോ മറ്റ് തരത്തിലുള്ള തടസ്സം സൃഷ്ടിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. നിയമപരമായ തർക്കങ്ങൾ നിലനില്ക്കുന്ന സംഗതികളിൽ ജില്ലാ ലേബർ ആഫീസർമാർ ചുമട്ട് തൊഴിലാളി നിയമ പ്രകാരം തീരുമാനമെടുത്ത് കക്ഷികളെ അറിയിക്കേണ്ടതും ആവശ്യമുള്ള പക്ഷം പോലീസിന് വിവരം നൽകേണ്ടതുമാണ്.

8. ട്രേഡ് യൂണിയനുകൾ തൊഴിൽ മേഖലയിലെ അനഭിലഷണീയ പ്രവണതകൾ അവസാനിപ്പിക്കുന്നതിന് മുൻകൈ പ്രവർത്തനം സംഘടിപ്പിക്കേണ്ടതും ചില മേഖലകളിൽ യൂണിയനുകൾ തൊഴിലാളികളെ വിതരണം ചെയ്യുന്ന പ്രവണത കർശനമായി അവസാനിപ്പിക്കേണ്ടതുമാണ്. ട്രേഡ് യൂണിയനുകൾ ഈ വിഷയം സംബന്ധിച്ച് തൊഴിലാളികൾക്കിടയിൽ അവബോധം വളർത്താൻ മുൻകൈ എടുക്കേണ്ടതാണ്

9 പൊതുജനങ്ങൾ തൊഴിൽ സംബന്ധമായ നിയമവിരുദ്ധ പ്രവണതകൾക്കെതിരെ ജാഗ്രത പാലിക്കേണ്ടതും ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ വിഷയം കൊണ്ടുവന്ന് നിയമപരമായ പരിഹാരം തേടേണ്ടതുമാണ്

10 ജില്ലാതല കൂലി പട്ടികകൾ പത്ര-ഇലക്ട്രോണിക് മാധ്യമങ്ങൾ മുഖാന്തിരം ജില്ലാ ലേബർ ആഫീസർമാർ പ്രസിദ്ധപ്പെടുത്തേണ്ടതും ഇവ പാലിക്കപ്പെടേണ്ടതാണ്. ജില്ലയിലെ റസിഡന്റ്സ് അസോസിയേഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവർ മുഖാന്തിരം കൂലി നിരക്കുകളും മാർഗ്ഗനിർദ്ദേശങ്ങളും പൊതുജനങ്ങൾക്കിടയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലേബർ കമ്മീഷണർ തിരുവനന്തപുരം
സംസ്ഥാന പോലീസ് മേധാവി തിരുവനന്തപുരം
ഡയറക്ടർ വ്യവസായവും വാണിജ്യവും വകുപ്പ്
ഡയറക്ടർ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ആഭ്യന്തര വകുപ്പ്
വ്യവസായ വകുപ്പ്
വെബ് & ന്യൂ മീഡിയ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ